# പൊതുവിദ്യാഭ്യാസവകുപ്പ് – കേരളം

## കണ്ണൂർ ജില്ലാ പഞ്ചായത്ത് – ഡയറ്റ് കണ്ണൂർ



## എസ് എസ് എൽ സി

### വിദ്യാർത്ഥികൾക്കുള്ള പഠനപിന്തുണാസഹായി

# SMILE-2023

**Special Module for Improvement of Learning in public Exams**

================================================================

# മലയാളം – കേരളപാഠാവലി

================================================================

## ആമുഖം

**പ്രിയരെ ,**

2023 മാർച്ചിൽ നടക്കുന്ന എസ് എസ് എൽ സി പൊതുപരീക്ഷയെ ആഹ്ലാദത്തോടെയും ആത്മവിശ്വാസത്തോടെയും അഭിമുഖീകരിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയണം.ഇതിനുള്ള വിവിധങ്ങളായ പ്രവർത്തന പദ്ധതികളിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ് നമ്മൾ എല്ലാവരും. കേരള പാഠാവലിയി ലേയും അടിസ്ഥാന പാഠാവലിയിലേയും മുഴുവൻ യൂണിറ്റുകളുടെയും പാഠങ്ങളുടെയും ആശയങ്ങൾ ലളിതമായ പ്രവർത്തനങ്ങളായി കുട്ടികൾക്ക് നമുക്ക് പരിചയപ്പെടുത്താം. ഈ പ്രവർത്തനങ്ങളുടെ തുടർച്ചയായി നൽകിയ വർക്ക്ഷീറ്റ് ക്ലാസ്റൂം പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുമല്ലോ. ഓരോ പാഠഭാഗവും മുന്നോട്ട്വയ്ക്കുന്ന പഠന നേട്ടങ്ങൾ ചോദ്യ മാതൃകകളായി അഭിമു ഖീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യംകൂടി മുൻനിർത്തിയാണ് ജില്ലാ പഞ്ചായത്ത് ,ഡയറ്റ് കണ്ണൂർ,പൊതു വിദ്യാഭ്യാസ വകുപ്പ് എന്നിവരുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലെ മലയാളം പരിശീ ലന മൊഡ്യൂൾ തയ്യാറാക്കിയിരിക്കുന്നത്.നമ്മുടെ കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ വിനിമയം ചെയ്യുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്.......

# കേരള പാഠാവലി.

## യൂണിറ്റ് 1.

## കാലാതീതം കാവ്യവിസ്മയം.

സ്നേഹമാണ് ഉത്തമ കൃതികളുടെ അടയാളം.അതുകൊണ്ട് തന്നെ അവ കാലത്തെ അതിജീവിക്കുന്നു.കാലാതീതമായി നിൽക്കുന്ന ചില കൃതികളിലൂടെ

- **ലക്ഷ്മണ സാന്ത്വനം,**
- **ഋതുയോഗം.**
- **പാവങ്ങൾ.**

"കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളു
ഇലകൾക്കും തത്തകൾക്കും
ഗൗളികൾക്കുമെന്നപോലെ "

കവികളുടെ ഭാഷ (സച്ചിദാനന്ദൻ)

കവികൾക്ക് ലോകമെമ്പാടും ഒരു ഭാഷയേ ഉള്ളൂ എന്ന് പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക,?

## പാഠം.1

# ലക്ഷ്മണ സാന്ത്വനം.

മലയാളഭാഷയുടെ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ അദ്ധ്യാത്മ രാമായണം കിളിപ്പാട്ടിൽ നിന്ന് എടുത്തിട്ടുള്ള ഒരു ഭാഗമാണ് ഇത്. ശ്രീരാമ പട്ടാഭിഷേകം മുടങ്ങിയതറിഞ്ഞ് കോപാകുലനായ ലക്ഷ്മണനെ ശ്രീരാമൻ സാന്ത്വനിപ്പിക്കുന്നതാണ് പാഠസന്ദർഭം.

ജീവിതം നശ്വരമാണ്.ഐശ്വര്യവും സമ്പത്തും എന്നും നിലനിൽക്കുന്ന ഒന്നല്ല.ആയുസ്സിന് പോലും സ്ഥിരതയില്ല.കോപം മനുഷ്യന്റെ ഏറ്റവും വലിയ ശത്രുവാണ്.തുടങ്ങിയ തിരിച്ചറിവുകൾ വാത്സല്യത്തോടെ അവതരിപ്പിച്ച് ലക്ഷ്മണനെ ശാന്തനാക്കാൻ ശ്രീരാമൻ ശ്രമിക്കുന്നു..

**പ്രവർത്തനം 1.**

“ വത്സ ! സൗമിത്രേ ! കുമാര ! നീ കേൾക്കണം.
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ
നിന്നുടെ തത്ത്വമറിഞ്ഞിരിക്കുന്നതു
മുന്നമേ ഞാനെടോ, നിന്നുള്ളിലെപ്പോഴും
എന്നെക്കുറിച്ചുള്ള വാത്സല്യപൂരവും
നിന്നോളമില്ല മറ്റാർക്കുമെന്നുള്ളതും
നിന്നാലസാധ്യമായില്ലൊരു കർമ്മവും
നിർണ്ണയമെങ്കിലുമൊന്നിതു കേൾക്ക നീ ”

ശ്രീരാമന്റെ ഈ വാക്കുകൾ ലക്ഷ്മണനെ എങ്ങനെയായിരിക്കും സ്വാധീനിക്കുക.?

- വാക്കുകളിലെ വാത്സല്യം തിരിച്ചറിയുന്നു.
- ശാന്തനാവുന്നു.
- തന്റെ അമ്മയെക്കുറിച്ച് അഭിമാനബോധമുണ്ടാകുന്നു.
- ജ്യേഷ്ഠൻ തന്റെ സ്നേഹം തിരിച്ചറിയുന്നു എന്ന് മനസിലാക്കുന്നു.
- തന്റെ കഴിവുകളിൽ ജ്യേഷ്ഠന് മതിപ്പുണ്ടെന്ന് മനസ്സിലാക്കുന്നു.

**പ്രവർത്തനം 2.**

" ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം

വേഗേന നഷ്ടമാമായുസ്സുമോർക്കനീ "

സുഖഭോഗങ്ങൾ മിന്നൽപ്പിണരുപോലെ പെട്ടെന്ന് അവസാനിക്കുന്നതാണ് എന്ന് ഈ വരികൾ ഓർമ്മിപ്പിക്കുന്നു.തുടർന്ന് ജീവിതത്തേക്കുറിച്ച് എന്തൊക്കെ ചിന്തകളാണ് കാവ്യസന്ദർഭം മുന്നോട്ട് വയ്ക്കുന്നത് ?

- ചുട്ടുപഴുത്ത ഇരുമ്പിന്മേൽ വീണ വെള്ളത്തുള്ളിയുടെ അവസ്ഥയാണ് ജീവിതത്തിന്.
- പാമ്പിന്റെ വായിലകപ്പെട്ട തവള ഭക്ഷണത്തിന് അപേക്ഷിക്കുന്നതുപോലെ മനുഷ്യൻ സുഖ സൗകര്യങ്ങൾക്കു പിന്നാലെ പരക്കം പായുന്നു.
-
-

**പ്രവർത്തനം. 3**

ക്രോധം പരിത്യജിക്കേണം ബുധജനം.-

നിയന്ത്രിക്കാനാവാത്ത കോപം മനുഷ്യന് ഉണ്ടാക്കുന്ന പ്രയാസങ്ങൾ എന്തൊക്കെ ?

- ബന്ധങ്ങൾ തകരുന്നു.
- ദുരന്തങ്ങൾ ഉണ്ടാകുന്നു.
- ജീവിതത്തെ നശിപ്പിക്കുന്നു.
- ഉയർച്ചയെ തടയുന്നു.
- സമൂഹത്തിനും രാഷ്ട്രത്തിനും നാശം സംഭവിക്കുന്നു.

**വർക്ക്ഷീറ്റ്.**

1. താഴെ പറഞ്ഞിരിക്കുന്നവയിൽ മനുഷ്യന്റെ ഏറ്റവും വലിയ ശത്രു ആര് ?

- പണം
- മോഹം
- കോപം
- അവിദ്യ.

( സ്കോർ : 1)

2. . "സംസാരകാരിണിയായതവിദ്യയും

സംസാരനാശിനിയായതു വിദ്യയും.'' - വിദ്യയെയും അവിദ്യയെയും കുറിച്ച് ഈ വരികൾ നൽകുന്ന സൂചനകൾ എന്തെല്ലാം ? (സ്കോർ -2)

3. " ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്കു

നിൽക്കുമോ യൗവനവും പുനരധ്രുവം" - ജീവിതത്തിന്റെ നശ്വരത എങ്ങനെയാണ് ഈ വരികളിൽ പ്രതിഫലിക്കുന്നത്.?

(സ്കോർ 2 )

4. താഴെകൊടുത്തിരിക്കുന്ന വരികളിലെ കാവ്യഭംഗി കണ്ടെത്തുക.. ?

"ചക്ഷുശ്രവണഗളാസ്ഥമാം ദർദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു."

(സ്കോർ 4)

5. " പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു
മെത്രയും ചഞ്ചലമാലയ സംഗമം."

കുടുംബ ജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ച് ഈ വരികൾ നൽകുന്ന തിരിച്ചറിവുകൾ എന്തൊക്കെ ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

(സ്കോർ 4)

6. “ ഭോഗങ്ങളെല്ലാം ക്ഷണപ്രഭാഞ്ചലം.

നന്നല്ല ദേഹം നിമിത്തം മഹാമോഹം.

ക്രോധം പരിത്യജിക്കേണം ബുധജനം.”

ശ്രീരാമൻ ലക്ഷമണനു നൽകുന്ന ഉപദേശം ആധുനീക സമൂഹത്തിലും പ്രസക്തമാണ്.തന്നിരിക്കുന്ന വരികളും കാവ്യസന്ദർഭങ്ങളും മുൻനിർത്തി ‘എഴുത്തച്ഛന്റെ ജീവിത ദർശനം’ എന്ന വിഷയത്തിൽ ലഘു പ്രഭാഷണം തയ്യാറാക്കുക. (സ്കോർ 6)

## പാഠം 2.

## ഋതുയോഗം.

ലോകം മുഴുവൻ ആദരിക്കപ്പെടുന്ന ഭാരതീയ കവിയാണ് കാളിദാസൻ.കാളിദാസൻ എഴുതിയ സംസ്കൃത നാടകമായ അഭിജ്ഞാനശാകുന്തളം ഏ.ആർ.രാജരാജവർമ്മ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു.മലയാളശാകുന്തളം എന്ന പേരിൽ അറിയപ്പെട്ട ഈ കൃതിയിലെ ഏഴാമങ്കമാണ് ഋതുയോഗം എന്ന പാഠം.

യുദ്ധം കഴിഞ്ഞ് മടങ്ങുകയായിരുന്ന ദുഷ്യന്തൻ കശ്യപ മഹർഷിയുടെ ആശ്രമത്തിൽ വിശ്രമിക്കാനെത്തുന്നു.അവിടെ സിംഹത്തെപോലും മെരുക്കാൻ കഴിയുന്ന കുട്ടിയെകണ്ട് അത്ഭുതപ്പെടുന്നു.പിന്നീട് ആ കുഞ്ഞ് തന്റെ മകനാണെന്നും ശകുന്തള ആശ്രമത്തിലുണ്ടെന്നും തിരിച്ചറിയുന്നു.ശകുന്തളയെ സ്വീകരിക്കാതെ തള്ളിക്കളഞ്ഞതിലുള്ള കുറ്റബോധവും വേദനയും ദുഷ്യന്തനുണ്ടാവുകയും ശകുന്തളയോട് മാപ്പപേക്ഷിക്കുകയും ചെയ്യുന്നു.

**പ്രവർത്തനം.**

1. ‘അരുത് ഉണ്ണി, ചാപല്യം കാണിക്കരുത്.ജാതിസ്വഭാവം വന്നു പോകുന്നു വല്ലോ!

‘ വായ്പൊളിക്കൂ സിഹക്കുട്ടി നിന്റെ പല്ല് ഞാൻ എണ്ണട്ടെ’

സർവ്വദമനൻ കാണിച്ച ചാപല്യം എന്താണ്.?

കുട്ടി സാധാരണക്കാരനല്ല എന്നതിന്റെ തെളിവുകൾ തുടർന്നുവരുന്ന വരികളിലൂടെ വ്യക്തമാക്കുന്നതെങ്ങനെ ?




2. സർവ്വദമൻ എന്ന് മഹർഷിമാർ പേരിട്ടതിന്റെ ഔചിത്യം വിശദമാക്കുക.

- സർവ്വദമൻ എന്ന പേരിന്റെ അർത്ഥം.
- ആശ്രമത്തിലെ എല്ലാവരെയും തന്നിലേക്കാകർഷിക്കുന്നു.

3. ' എരിയാൻ വിറകിന്നു കാത്തിടും

പൊരിയായുള്ളൊരു ഹവ്യവാഹന്

ശരിയായി നിനച്ചിടുന്നു ഞാൻ

പെരിയോർക്കുള്ളോരു വീരബാലനെ''

കുട്ടിയെകണ്ട ദുഷ്യന്തനു തോന്നിയ കാര്യങ്ങൾ എന്തൊക്കെ?

- തന്റെ മകനെപ്പോലെ സ്നേഹം തോന്നുന്നു.
- ആളിക്കത്താൻ വിറകിനു കാത്തിരിക്കുന്ന തീപ്പൊരിയെപ്പോലെ തോന്നുന്നു.
- സർവദമനനെ ആളിക്കത്താൻ തീപ്പൊരി കാത്തിരിക്കുന്ന വിറകിനോട് ഉപമിച്ചിരിക്കുന്നു.
- കുട്ടി സാധാരണക്കാരനല്ല എന്ന് ചിന്തിക്കുന്നു.

4. സർവദമനൻ കളിക്കോപ്പിനുവേണ്ടി കൈനീട്ടിയപ്പോൾ ദുഷ്യന്തൻ ആ കൈകളിൽ ചക്രവർത്തി ലക്ഷണം കാണുന്നു.- എങ്ങനെയാണ് കുട്ടിയുടെ കൈകളെ വർണ്ണിച്ചത്.

- കൈവിരലുകൾ വിടവില്ലാതെ ചേർന്നിരിക്കുന്നു.
- അതുകണ്ടാൽ വിടരാൻ തോന്നുന്ന താമരപ്പൂപോലെ തോന്നും.

- ചുവന്നുതുടുത്ത മൃദുലമായ കൈകൾ പ്രഭാതത്തിലെ സൂര്യകിരണങ്ങളേറ്റ താമരയുടെ നിറമായിരിക്കുന്നു.
- ഇതളുകൾ വേർപെടാതെ ഞെരുങ്ങി വിടരാൻ തുടങ്ങുന്ന പോലെയും വിളക്കിച്ചേർത്തപോലെയും വിരലുകളെ കാണുന്നു.താമരപ്പൂവിനും കുട്ടിയുടെ കൈകൾക്കും സാമ്യം കല്പിച്ചിരിക്കുന്നതിനാൽ ഉപമാലങ്കാരം ഈ വരികളിൽ.

5. കുട്ടിയെ കണ്ടുകൊണ്ടിരിക്കെ കൗതുകവും അത്ഭുതവും വർധിക്കുന്ന ദുഷ്യന്തൻ ചിന്തിച്ച മറ്റ് കാര്യങ്ങളെന്തൊക്കെ ?

- ചിരിക്കുകയും ഉല്ലാസത്തോടെ കൊഞ്ചിപ്പറയുകയും ചെയ്യുന്ന ഈ ബാലന്റെ ദേഹത്തുപറ്റിയ ചെളി കുട്ടിയെ മടിയിലെടുക്കുന്നയാളുടെ ദേഹത്തു പുരളും. അങ്ങനെ ചെളി പുരണ്ടാലും കുട്ടിയെ മടിയിലെടുക്കാൻ കഴിയുന്നയാൾ ധന്യവാനാണ്.
- ആരാണീകുട്ടി എന്നറിയാതെ തന്നെ കുട്ടിയുടെ ശരീരത്തിൽ തൊടുമ്പോൾ എത്ര വലിയ സുഖമാണ് താൻ അനുഭവിക്കുന്നത് ! അപ്പോൾ പുത്രനാണെന്നു കരുതി വാത്സല്യത്തോടെ പുണരുന്നയാൾ അനുഭവിക്കുന്ന സുഖം എത്രമാത്രമായിരിക്കും.
- പുരുവംശത്തിൽ പിറന്നവർ വനവാസക്കാലത്ത് കാട്ടിലെത്തിയിട്ടുണ്ടാകും .അങ്ങനെ വന്നവരിൽ ആരുടെയെങ്കിലും കുഞ്ഞായിരിക്കുമോ ഇവൻ !

6. "തെറികാട്ടിയാശ്രമവൃത്തി നീ
ചെറുപാമ്പു ചന്ദനമരത്തിനെന്നപോൽ
വെറുതെ വിശുദ്ധതര സത്ത്വസൗമ്യമാം
പിറവിക്കു ദോഷമുളവാക്കിവയ്ക്കൊലാ "

-സർവ്വദമനൻ ചെയ്യുന്ന പ്രവൃത്തികൾ ആശ്രമത്തിന് ചേരുന്നതല്ലെന്നു ദുഷ്യന്തൻ പറയുന്നതിന് കാരണമെന്തായിരിക്കും.

- ആശ്രമം ശുദ്ധവും സൗമ്യവുമാണ്
- ശാന്തമായ അന്തരീക്ഷമാണ്.

- എന്നാൽ സർവദമനൻ ആശ്രമത്തിന് ചേരാത്ത ചില വികൃതികൾ ചെയ്യുന്നു.
- സിംഹക്കുട്ടിയെ അലോസരപ്പെടുത്തുന്നു.
- ചെറുപാമ്പ് ചന്ദനമരത്തിനെ ദുഷിപ്പിക്കുന്നതു പോലെയാണ് സർവ ദമനൻ ആശ്രമത്തിൽ പെരുമാറുന്നത്.
- മഹർഷിബാലനായിരിക്കും ഈ കുട്ടിയെന്ന് കരുതുന്നതുകൊ ണ്ടാണ് ഇങ്ങനെ ദുഷ്യന്തൻ പറയുന്നത്.

7. സർവദമന,ശകുന്തലാസ്യം നോക്കൂ ! താപസിയുടെ ഈ വാക്കുകൾ കേട്ട പ്പോൾ സർവദമനും ദുഷ്യന്തനും ചിന്തിച്ച കാര്യങ്ങൾ എന്താവും.?

- താപസി പറഞ്ഞത് മയിലിന്റെ നൃത്തം എന്നാണ്.
- തന്റെ അമ്മയായ ശകുന്തളയെക്കുറിച്ചാണ് പറയുന്നതെന്ന് സർവദ മനൻ കരുതുന്നു.
- ഈ കുട്ടിയുടെമാതാവ് ശകുന്തളയായിരിക്കുമോ ? തനിക്ക് ഈ വാക്കുകൾ മരീചികപോലെ സങ്കടത്തിന് കാരണമാകുമോ എന്ന് ദുഷ്യന്തൻ വിചാരിക്കുന്നു.

8. വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെധരിക്കട്ടെ.-
വള്ളി,ഋതുയോഗം എന്നീ പദങ്ങൾ നൽകുന്ന സൂചനകൾ എന്ത് ?

- ശകുന്തള മോതിരമണിയട്ടെ
- വസന്തകാലത്ത് വള്ളി പൂവണിയുന്നത് പോലെ.
- ശകുന്തളയുടെയും ദുഷ്യന്തന്റെയും പുന:സമാഗമമാണ് ഋതുയോഗം എന്ന പ്രയോഗം കൊണ്ട് സൂചിപ്പിക്കുന്നത്.

## *വർക്ക്ഷീറ്റ്*

1. കാനൽജലം പോലെ ഒടുവിൽ എനിക്കത് വിഷാദത്തിനു ഇടയാകാതിരുന്നാൽ കൊള്ളാമായിരുന്നു. -അടിവരയിട്ട പദത്തിന്റെ അർത്ഥസൂചന വ്യക്തമാക്കുക. (സ്കോർ 1)

2. വിഗ്രഹാർത്ഥം എഴുതുക.

    മാതാപിതാക്കന്മാർ- ..................................... (സ്കോർ 1)

    ഗുരുസമീപത്തിൽ - ..................................... (സ്കോർ 1)

3. ''ധർമ്മപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം'' ആരുച്ചരിക്കും! താപസി ഇങ്ങനെ പറയാൻ കാരണമെന്ത്? (സ്കോർ 2)

4. ' എന്റെ അച്ഛൻ ദുഷ്ഷന്തനാണ് ,താനല്ല ''

    (സർവദമനൻ)

    എനിക്കതിനെ വിശ്വാസമില്ല.ആര്യപുത്രൻ തന്നെ ധരിച്ചാൽ മതി.

    (ശകുന്തള)

    പാഠസന്ദർഭങ്ങൾ കൂടി പരിഗണിച്ച് ശാകുന്തളം നാടകത്തിലെ നാടകീയ

    മുഹൂർത്തങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. ( സ്കോർ 6)

5. കളിക്കോപ്പേൽക്കാനായ് കുതുകമോടു
    നീട്ടീടിന കരം
    വിളക്കിച്ചേർത്തോണം വിരൽനിര
    ഞെരുങ്ങിത്തൊടുകയാൽ
    വിളങ്ങുന്നു രാഗം ഭൃശ്യമെഴുമുഷസ്സിൽ
    ദലകുലം
    തെളിഞ്ഞീടാതൊന്നായ് വിടരുമൊരു
    തണ്ടാർ മലരുപോൽ

    വരികളിലെ കാവ്യഭംഗി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

    ( സ്കോർ-4)

6. സർവദമനൻ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്ത് കഥാപാത്ര നിരൂപണം തയ്യാറാക്കുക.

    ( സ്കോർ 6)

## പാഠം 3

## പാവങ്ങൾ

വിക്ടർ ഹ്യൂഗോ രചിച്ച പാവങ്ങൾ എന്ന നോവലിൽ നിന്നെടുത്തിട്ടുള്ള ഒരു പാഠഭാഗമാണ് കഥാ സന്ദർഭം. ജയിൽ ശിക്ഷ കഴിഞ്ഞിറങ്ങിയ ഴാങ്ങ് വാൽ ഴാങ്ങിന് മെത്രാൻ അഭയം നൽകുന്നു.മെത്രാന്റെ വീട്ടിൽ നിന്നും വെള്ളി പാത്രങ്ങൾ മോഷ്ടിച്ച് കടന്നുകളഞ്ഞ ഴാങ്ങ് പോലീസ് പിടിയിലാകുന്നു.താൻ അയാൾക്കത് നൽകിയതാണെന്ന് പറഞ്ഞ് മെത്രാൻ അയാളെ രക്ഷിക്കുന്നു.അപാരമായ കാരുണ്യവും നന്മയും ജീവിതത്തിലാദ്യമായി അനുഭവിച്ചറിയുകയായിരുന്നു ഴാങ്ങ് വാൽ ഴാങ്ങ്. കുറ്റവാളിയെ തിരുത്താൻ സ്നേഹത്തിന്റെ വഴി തുറന്നുകൊടുക്കുകയായിരുന്നു മെത്രാൻ. ജീവിത നേട്ടങ്ങളെല്ലാം പാവങ്ങൾക്കുകൂടി അവകാശപ്പെട്ടതാണെന്ന് ചിന്തിക്കുകയും ജീവിത ലാളിത്യം പാലിക്കുകയും ചെയ്യുന്ന മെത്രാൻ സമൂഹത്തിന് വലിയ സന്ദേശമാണ് നൽകുന്നത്.

**പ്രവർത്തനം.1**

“ പരലോകത്തുവെച്ച് ഇഹലോക കർമ്മങ്ങളെ വിചാരണയ്ക്കെടുക്കുമ്പോഴത്തെ തുളഞ്ഞുകയറുന്നതും ഭയംതോന്നിക്കുന്നതുമായ കാഹളശബ്ദം പോലെ തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലലച്ചു.- ഴാങ്ങ് വാൽ ഴാങ്ങിന്റെ മനസ്സാകെ ഭയത്തിലകപ്പെട്ടിരിക്കുന്നു.എന്താവാം കാരണം. ?

- തിരികുറ്റിയുടെ ശബ്ദം നിലവിളിപോലെ അനുഭവപ്പെട്ടു.
- താൻ പിടിക്കപ്പെട്ടു എന്ന ചിന്ത.
- ഈ ലോകത്ത് ചെയ്ത കാര്യങ്ങളെ പരലോകത്ത് വച്ച് വിചാരണയ്ക്കെടുക്കും എന്ന പേടി.

**പ്രവർത്തനം 2.**

ഉപ്പുകൊണ്ടുള്ള ഒരു പ്രതിമ പോലെ അയാൾ നിന്നിടത്തുതന്നെ മിഴിച്ചു നിന്നു.- ഴാങ്ങ്വാൽഴാങ്ങിന്റെ അവസ്ഥയെക്കുറിച്ച് ഈ വാക്യം നൽകുന്ന സൂചനകൾ എന്തെല്ലാം.?

- ഭയംകൊണ്ട് വിളറിവെളുത്തിരിക്കുന്നു.
- ഉപ്പ് പെട്ടെന്ന് അലിയുന്നതുപോലെ പിടിക്കപ്പെട്ടാൽതാൻ ഇല്ലാതാവുമെന്ന തോന്നൽ.
- അനങ്ങാനാവാത്ത അവസ്ഥ.

**പ്രവർത്തനം.3.**

‘ ഒരുകഷണം അപ്പം ഒരുകോപ്പ പാലിൽ എടുത്ത് മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള മുള്ളും കയിലും കൂടി ആവശ്യമില്ല.’ - മെത്രാന്റെ ഈ വാക്കുകളോട് നിങ്ങളുടെ പ്രതികരണം എന്ത്. ?

- ജീവിതം ലളിതമാവണം.
- ആഡംബരം അനാവശ്യമാണ്.
- മനുഷ്യർക്ക് ജീവിക്കാൻ മിതമായ സാഹചര്യങ്ങളെ ആവശ്യമുള്ളൂ.

**പ്രവർത്തനം 4.**

“എന്റെ സ്നേഹിതാ ഇനി ഇങ്ങോട്ട് വരുമ്പോൾ നിങ്ങൾക്ക് തോട്ടത്തിലൂടെ കടന്നുപോരണമെന്നില്ല.”

കുറ്റവാളിയെ സ്നേഹത്തിന്റെ ഭാഷയിലൂടെ നേർവഴിയിലേക്ക് നയിക്കുകയാണ് മെത്രാൻ. മെത്രാന്റെ സമീപനത്തോട് പ്രതികരിക്കുക.

- സ്നേഹിതാ എന്ന വിളി.
- കുറ്റവാളികൾക്കുപോലും തുറന്നിട്ടവാതിൽ.
- വെറുക്കുന്നതിനു പകരം സ്നേഹിക്കുന്നു.
- തെറ്റുകുറ്റങ്ങൾക്ക് മാപ്പ് നൽകാൻ കഴിയുന്നു.
- ശരിയുടെ വഴിയിലേക്ക് നയിക്കാൻ സ്നേഹത്തിന്റെ പാത തുറന്നിടുന്നു.

**വർക്ക്ഷീറ്റ്**

1. അപ്പോൾ ഒന്നാമത് ആ വെള്ളിസ്സാമാനം നമ്മുടേതായിരുന്നുവോ ? - മെത്രാന്റെ വാക്കുകളിൽ തെളിയുന്ന മനോഭാവം (സ്കോർ-1)
    - സംശയം.
    - നിസ്സഹായത.
    - കുറ്റപ്പെടുത്തൽ
    - കാരുണ്യം.

2. “ഒരു സത്യവാനായിരിക്കാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളത് മറക്കരുതേ” -മെത്രാന്റെ ഈ വാക്കുകൾ സൂചിപ്പിക്കുന്നത്

- ഴാങ്ങിന്റെ വഴി ഇനി നന്മയുടെതായിരിക്കണം.
- ഴാങ്ങ് വെള്ളിസ്സാമാനങ്ങൾ തിരികെ കൊടുക്കുന്നു.
- ഴാങ്ങ് ഇതുവരെ പ്രതിജ്ഞ പാലിച്ചിട്ടില്ല.
- ഴാങ്ങ് കുറ്റവാളിയാണെന്ന് തനിക്കറിയാം.

(സ്കോർ :1 )

3. **വിഗ്രഹിക്കുക.**

സൗമ്യഭാവം (സ്കോർ 1)

4. മെത്രാൻ ആ സമയത്ത് കുനിഞ്ഞ് നിന്ന് കൊട്ട തടത്തിൽ വീണതുകൊണ്ട് കേടുവന്ന ഒരു പൂവിനെ സൂക്ഷിച്ചു നോക്കി വ്യസനിക്കുകയായിരുന്നു. -മെത്രാന്റെ ജീവിത ദർശനത്തെക്കുറിച്ച് ഈ സന്ദർഭം നൽകുന്ന സൂചനകൾ എന്തെല്ലാം? (സ്കോർ :2 )

5. മനുഷ്യനെക്കൊണ്ട് പറഞ്ഞറിയിക്കാൻ നിവൃത്തിയില്ലാത്ത ഒരു ഭാവവിശേഷത്തോട് കൂടി അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചു നോക്കി.- ഈ വാക്യങ്ങളിൽ തെളിയുന്ന ഴാങ്ങിന്റെ മാനസീകാവസ്ഥ എന്ത് ?

(സ്കോർ :2)

6. അർഥവ്യത്യാസം കൂടാതെ ഒറ്റ വാക്യമാക്കി മാറ്റി എഴുതുക.

ആ ഒന്നാമത്തെ അപകടം അങ്ങനെ കഴിഞ്ഞു. എങ്കിലും അപ്പോഴും അയാളുടെ മനസ്സിന് വല്ലാത്ത പരിഭ്രമമുണ്ടായിരുന്നു.

(സ്കോർ : 2)

7. മദാം മഗ്ലാർ ഞാൻ ആ വെള്ളിസ്സാമാനം വളരെക്കാലം സൂക്ഷിച്ചുപോന്നത് ഒരിക്കലും ശരിയായിട്ടില്ല.

‘ സ്നേഹിതാ നിങ്ങൾ പോകുന്നതിനു മുമ്പ് ഇതാ നിങ്ങളുടെ മെഴുകുതിരിക്കാലുകൾ എടുക്കാം’.

പാഠസന്ദർഭങ്ങൾ പരിഗണിച്ച് മെത്രാന്റെ ജീവിതം ‘മാനവീകതയുടെ മഹാസന്ദേശം’ എന്ന വിഷയത്തിൽ ലഘു ഉപന്യാസം തയ്യാറാക്കുക. (സ്കോർ: 6)

8. ഉപ്പുകൊണ്ടുള്ള പ്രതിമപോലെ അയാൾ നിന്നിടത്തു തന്നെ മിഴിച്ചുകൊണ്ട് നിന്നു.

- ഴാങ്ങ് വാൽ ഴാങ്ങിന്റെ കണ്ണുരണ്ടും മിഴിഞ്ഞുപോയി.
- എന്നെ വിടാൻ പോകുന്നു എന്നുള്ളത് വാസ്തവം തന്നെയോ

നോവൽ ഭാഗത്തെ മുൻനിർത്തി ഴാങ്ങ് വാൽ ഴാങ്ങ് എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (സ്കോർ : 6)

## യൂണിറ്റ് 2

## അനുഭൂതികൾ ആവിഷ്ക്കാരങ്ങൾ

മനുഷ്യബന്ധങ്ങൾ ദൃഢമാകുന്നത് സ്നേഹവും കാരുണ്യവും നിസ്വാർത്ഥതയും നിറയുമ്പോഴാണ്. അത് മറക്കാനാവാത്ത അനുഭൂതികളായി മാറുന്നു. ഇത്തരം അനുഭൂതികളാണ് മഹത്തായ സാഹിത്യകൃതികളായി മാറുന്നത്.

- **വിശ്വരൂപം**
- **പ്രീയദർശനം.**
- **കടൽത്തീരത്ത്.**

അൻപുതരുമന്യരൊടു ബന്ധമാബന്ധങ്ങൾ
നൺപെന്ന മഹിതസൗഭാഗ്യം-

ഈ വരികളിൽ തെളിയുന്ന തിരുവള്ളുവരുടെ സ്നേഹ സങ്കല്പം കണ്ടെത്തുക.

## പാഠം.1

## വിശ്വരൂപം.

ലളിതാംബിക അന്തർജനത്തിന്റെ മനോഹരമായ ഒരു കഥയാണ് വിശ്വരൂപം.സുധീർ എന്ന ചെറുപ്പകാരൻ ഏറെ കാലത്തിന് ശേഷം തന്റെ മേധാവിയായിരുന്ന ഡോ.തലത്തിന്റെ ഭാര്യയായ മേഡം തലത്തിനെ കാണാനെത്തുന്നു.രൂപം കൊണ്ടും ഭാവം കൊണ്ടും മാറിപ്പോയ ഒരാളെയാണ് സുധീർ മേഡം തലത്തിൽ കാണുന്നത്. ഡോ.തലത്തിന്റെ മരണശേഷം താഴത്തുകുഞ്ഞിക്കുട്ടിയമ്മയായി നാട്ടിൻപുറത്തുകഴിയുകയായിരുന്നു അവർ.മുമ്പത്തേതിൽ നിന്നും വ്യത്യസ്തമായി സ്നേഹവും വാത്സല്യവും നിറഞ്ഞ രീതിയിൽ അവർ സുധീറിനോട് പെരുമാറുന്നു. ഏകാന്തതയനുഭവിക്കുന്ന അവർ മക്കളെ ലാളിച്ചു വളർത്താത്തതിൽ ഖേദിക്കുന്നു. സുധീറിനോട് മക്കളെ ബോർഡിംഗിലയക്കാതെ കൂടെ ചേർത്തുനിർത്തി വളർത്തണമെന്ന് പറയുന്നു. കഥാവസാനം അവർ മാതൃത്വത്തിന്റെ വിശ്വരൂപമായി മാറിയതായി സുധീറിന് അനുഭവപ്പെടുന്നു.

**പ്രവർത്തനം.**

1. ഇങ്ങനെയൊരാളെ കാണാൻ വേണ്ടിയായിരുന്നില്ല ഞാനിവിടെ വന്നത്.- മേഡം തലത്തിനെ കണ്ട സുധീർ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?
    - മേഡം തലത്തിന്റെ രൂപം മാറിയിരിക്കുന്നു.
    - വേഷവും മാറിയിരിക്കുന്നു.
    - നെറ്റിയിൽ ഭസ്മക്കുറി, കഴുത്തിൽ രുദ്രാക്ഷമാല
    - ഒരു തപസ്വിനിയെപ്പോലെ
2. 'തന്റെ യജമാനൻ മാറ്റമായിപ്പോയി പക്ഷെ എന്നെ കൊണ്ടുപോയില്ല.ആരും കൊണ്ടുപോയില്ല എന്നിട്ടും ഞാൻ ജീവിക്കുന്നു.'- മേഡം തലത്തിന്റെ മനസ്സിനേറ്റ വേദനകൾ ഈ വാക്യങ്ങളിൽ തെളിയുന്നുണ്ടോ ? എങ്ങനെ ?
    - ഡോ.തലത്തിനു വേണ്ടി രൂപപ്പെടുത്തിയതായിരുന്നു അവരുടെ ജീവിതം.
    - ഡോ.തലത്ത് മരണപ്പെട്ടു അവർ അനാഥയായി.
    - മക്കൾ പലയിടങ്ങളിലാണ്.

- ഏകാന്തതയുടെ ഭാരം അനുഭവിക്കുന്നു.
- ജീവിക്കാതെ പറ്റില്ലല്ലോ എന്ന ചിന്ത.

3. മിസ്സിസ് തലത്ത് കുട്ടികളെ പ്രസവിച്ചു എന്നു മാത്രം. മുലകൊടുത്തിട്ടില്ല. താരാട്ടുപാടിയിട്ടില്ല. വാശിപിടിച്ചു കരയുമ്പോൾ ശാസിക്കുകയോ സുഖക്കേടിൽ ശുശ്രൂഷിക്കുകയോ ചെയ്തിട്ടില്ല.- അമ്മ എന്ന നിലയിൽ മേഡം തലത്തിന്റെ രീതി ശരിയായിരുന്നോ.?നിങ്ങളുടെ അഭിപ്രായമെന്ത് ?
    - പ്രസവിച്ചാൽ മാത്രം അമ്മയാവില്ല.
    - കുട്ടികളെ ലാളിക്കണം ശാസിക്കണം.
    - ആഡംബരവും സുഖസൗകര്യങ്ങളും ഒരുക്കിയെന്നത്കൊണ്ട് അമ്മയുടെ കടമ തീരില്ല.
4. കാലത്തിനും ദേശത്തിനുമനുസരിച്ച് ജീവിതത്തെ സ്വയം രൂപപ്പെടുത്തുകയാണ്- ജീവിതത്തെക്കുറിച്ചുള്ള സുധീറിന്റെ കാഴ്ചപ്പാടുകൾ നിങ്ങൾക്ക് സ്വീകാര്യമാണോ?
    - ഒരാളുടെ ജീവിതവും ജീവിത കാഴ്ചപ്പാടുകളും കാലത്തിനനുസരിച്ച് മാറും.
    - ഏതൊരാളുടെയും ജീവിതത്തെ ചുറ്റുപാടുകൾ സ്വാധീനിക്കും.
    - ഒരാളും വളരുന്നത് ഒറ്റയ്ക്കല്ല.
    - ജീവിതത്തിലങ്ങോളമിങ്ങോളം മൂല്യബോധവും നിലപാടുകളും ഉണ്ടായിരിക്കണം.
5. 'ഭാരതസ്ത്രീകൾ എത്ര ഭാഗ്യമുള്ളവരായിരുന്നു അവർ കൊടുക്കുവാൻ മാത്രമെ പഠിച്ചിട്ടുള്ളു. കൊടുക്കുന്നതിൽ നിന്നുമാത്രം എല്ലാം നേടി അതുകൊണ്ടാണ് അവർ എപ്പോഴും സംതൃപ്തരായിരിക്കുന്നത്.- സ്ത്രീകളെക്കുറിച്ചുള്ള ഈ അഭിപ്രായത്തോട് വിമർശനാത്മകമായി പ്രതികരിക്കുക.
    - കൊടുക്കുക എന്നത് ഉത്തമമായ കാര്യമാണ്.
    - കൊടുക്കുന്നതുപോലെ തന്നെ കിട്ടണമെന്നും ആഗ്രഹിക്കുന്നത് മനുഷ്യസഹജമാണ്.
    - കൊടുത്തുമാത്രം ജീവിക്കാനാവില്ല.
    - കൊടുത്തും നേടിയും ജീവിക്കുമ്പോഴാണ് സംതൃപ്തിയുണ്ടാകുന്നത്.
    - സ്ത്രീകൾ കൊടുക്കാൻ മാത്രമുള്ളവരാണെന്നുള്ള ധാരണ ശരിയല്ല.

6. 'ഞാൻ ഇന്ത്യയിൽ ജീവിക്കാനാഗ്രഹിക്കുന്നു മാഡം.' ന്യൂയോർക്കിൽ വച്ച് കണ്ട വൃദ്ധൻ ഇങ്ങനെ പറയാൻ കാരണമെന്താവും.

- ഇന്ത്യക്കാർ അച്ഛനമ്മമാരെ ദൈവത്തെപ്പോലെ കാണുന്നു.
- കുടുംബബന്ധങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നവരാണ് ഇന്ത്യക്കാർ.

**വർക്ക്ഷീറ്റ്**

1. മാതൃകപോലെ എഴുതുക. (സ്കോർ 1 വീതം)

   ദേശത്തിനനുസരിച്ച് - ദേശത്തിന് + അനുസരിച്ച്

   സഫലമാകട്ടെ - ......................................

   എനിക്കതിന്റെ - ............................................

   ജനിക്കാനാഗ്രഹിക്കുന്നു.-.......................

2. അയാൾ എണീറ്റു യാത്രാനുവാദത്തിനെന്നവണ്ണം തലകുനിച്ചു.- അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക. (സ്കോർ: 2)
3. രൂപംകൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരംകൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു. സുധീർ അമ്പരക്കാൻ കാരണമെന്ത് ?

   (സ്കോർ:2)
4. '' കൊടുത്തത് മാത്രമെ നേടാനൊക്കൂ,അല്ലെ സുധീർ ? ഞാൻ ആർക്കും ഒന്നും കൊടുത്തില്ലല്ലോ.''മേഡം തലത്തിന്റെ വാക്കുകളാണിത്.- മേഡം തലത്തിന്റെ ജീവിതം വിശകലനം ചെയ്ത് കഥാപാത്ര നിരൂപണം തയ്യാറാക്കുക.

   (സ്കോർ:6)

## പാഠം 2.

## പ്രിയദർശനം.

മഹാകവി കുമാരനാശാൻ രചിച്ച നളിനി എന്ന കൃതിയിൽ നിന്നെടുത്തിട്ടുള്ള ഭാഗമാണ് പ്രിയദർശനം. ബാല്യത്തിലെ കളിക്കൂട്ടുകാരായിരുന്നു നളിനിയും ദിവാകരനും. ദിവാകരൻ പിന്നീട് സന്യാസിയായി മാറുന്നു. ദിവാകരനെ കാത്ത് സന്യാസതുല്യമായ ജീവിതം നയിക്കുകയാണ് നളിനി. ഏറെകാലത്തിനുശേഷം നളിനിയും ദിവാകരനും പരസ്പരം കണ്ടുമുട്ടുന്നതാണ് പാഠസന്ദർഭം. ഒറ്റനോട്ടത്തിൽ തന്നെ തിരിച്ചറിയാൻ കഴിയാത്ത ദിവാകരനെ ഓർമ്മകളുടെ നനവൂറുന്ന ഭാഷയിൽ നളിനി സ്വയം പരിചയപ്പെടുത്തുന്നു. കളിക്കൂട്ടുകാരിക്ക് സാർവ്വലൗകീകമായ സ്നേഹത്തിന്റെ മാധുര്യം പകരുന്നു ദിവാകരൻ. മറ്റുള്ളവർക്കു വേണ്ടി സ്വന്തം ജീവിതം പ്രയോജനപ്പെടുത്തുന്നതിൽ ധന്യത നേടുന്ന ദിവാകരനെ ഇവിടെകാണാം.

**പ്രവർത്തനം. 1.**

‘ ഭവാനു പണ്ടിഷ്ടയാം നളിനി ഞാൻ മഹാമതേ’ - നളിനിയുടെ ഈ പരിചയപ്പെടുത്തലിൽ തെളിയുന്ന ബാല്യകാല ഓർമ്മകൾ എന്തൊക്കെ.?

- ബാല്യത്തിലെ കൂട്ടുകാരൻ.
- ദിവാകരന് നളിനിയെ ഇഷ്ടമായിരുന്നു.ഇന്ന് ആ ഇഷ്ടം നില നിൽക്കുന്നുണ്ടോ എന്ന ആശങ്കയുണ്ട്.
- ദിവാകരനോട് നളിനിക്ക് പ്രത്യേക സ്നേഹമുണ്ട്.

**പ്രവർത്തനം 2.**

“ കേണുവാണിവിടെ ,യേകുമർത്ഥിയാം

പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ ” - ആത്മാർത്ഥമായ പ്രാർത്ഥന ഈശ്വരൻ കേൾക്കും എന്ന് നളിനി ചിന്തിക്കാൻ കാരണമെന്ത്.?

- ദിവാകരനെ കാണുക എന്ന ഒറ്റ ലക്ഷ്യത്തിൽ ജീവിക്കുന്നു.
- ദിവാകരനോടുള്ള സ്നേഹത്തിൽ തപസ്സിന്റെ പരിശുദ്ധി പ്രകടമാവുന്നു.
- ജീവിത ലക്ഷ്യം നേടിയതായി കരുതുന്നു.

**പ്രവർത്തനം.3**

" ധന്യയായി സപദി കാൺകമൂലമ-

ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും"

നിസ്വാർത്ഥമായ പ്രണയസങ്കല്പത്തെക്കുറിച്ചുള്ള കവിയുടെ കാഴ്ചപ്പാട് ഈ വരികളിൽ തെളിയുന്നുണ്ടോ ?




**പ്രവർത്തനം : 4.**

" ചാരുശൈശവകഥയ്ക്കുതന്നെ ചേർ -

ന്നോരു വാക്കരുളിനാൻ കനിഞ്ഞവൻ"- എന്തൊക്കെ ഓർമ്മ കളാണ് ദിവാകരൻ കനിഞ്ഞോതിയത്. ?

- നളിനിയെക്കുറിച്ചും വീടിനെക്കുറിച്ചുമുള്ള ഓർമ്മ
- നളിനിയുടെ ബാല്യകാല ചാപല്യം.
- പഴയപെൺകുട്ടി ഇന്ന് സ്ത്രീയായി എന്ന തിരിച്ചറിവ്.

**പ്രവർത്തനം : 5**

" അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ "- പ്രശ്നങ്ങൾ നിറഞ്ഞ സമൂഹത്തിൽ ചിലരുടെ ത്യാഗങ്ങളാണ് ജീവിതത്തെ സന്തോഷകരമാക്കുന്നത്. സമകാലീന സാമൂഹ്യ സാഹചര്യങ്ങൾ കൂടി വിലയിരുത്തി കാവ്യസന്ദർഭത്തിന്റെ ആശയം വിശകലനം ചെയ്യുക.

**വർക്ക്ഷീറ്റ്.**

1. " കേണുവാണിവിടെയേകുമർത്ഥിയാം
 പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ "

ഇവിടെ അർത്ഥി എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. ? (സ്കോർ : 1)

- നളിനി.
- ദിവാകരൻ.
- കവി
- യതി

2. "പണ്ടുനിന്നെയൊരിളം കുരുന്നതായ്

കണ്ടുഞാൻ <u>സപദിവല്ലിയായ്</u> നീ "-അടിവരയിട്ട പദം സൂചിപ്പിക്കുന്നത് (സ്കോർ : 1)

- പരാശ്രയത്വം.
- രൂപപരമായ മാറ്റം
- ജീവിതലക്ഷ്യം കൈവരിച്ചതിലുള്ള സന്തോഷം.
- നളിനിയുടെ സൗന്ദര്യം.

3. പോയതൊക്കെ എന്ന പദം പിരിച്ചെഴുതിയാൽ (സ്കോർ : 1)

4. " ഭാവശാലികൾ പിരിഞ്ഞുകൂടിയാ

ലീവിധം വികലമാം സുഖോദയം." ഈ വരികൾ നൽകുന്ന അർത്ഥ സൂചനകൾ എന്തെല്ലാം ? (സ്കോർ : 2)

5. " പോയതൊക്കെയഥവാ നമുക്കയേ

പ്രായവും സപദി മാറി കാര്യവും."- ആരാണിങ്ങനെ പറയുന്നത്? ഇതിലൂടെ സൂചിപ്പിക്കുന്നതെന്ത് ? (സ്കോർ : 2)

6. കാവ്യഭംഗി വ്യക്തമാക്കുക.

"ധീരനായ യതി നോക്കി തന്വിതൻ

ഭുരിബാഷ്പ പരിപാടലം മുഖം

പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ

ധാരയാർന്ന പനിനീർസുമോപമം." (സ്കോർ : 4)

7. “കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-

ത്തിണ്ടൽ വേണ്ട സഖീ ,കേണിടേണ്ട കേൾ

പണ്ടു നിന്നെയൊരിളം കുരുന്നതായ്-

കണ്ടു ഞാൻ സപദി വല്ലിയായി നീ.”- ദിവാകരന്റെ വാക്കുകളുടെ പൊരുൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

(സ്കോർ: 4)

8. ഏവമോതിയിടരാർന്നു കണ്ണുനീർ

തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ (പ്രിയദർശനം)

.................................................................................................

ശകുന്തള തൊണ്ടയിടറി പാതിയിൽ നിർത്തുന്നു.(ഋതുയോഗം ) ശകുന്തളയുടെയും നളിനിയുടെയും മാനസികാവസ്ഥയിൽ സമാനതകളുണ്ടോ ? വിലയിരുത്തുക.

## പാഠം 3.

## കടൽത്തീരത്ത്

മലയാളത്തിലെ ആധുനിക എഴുത്തുകാരിൽ ശ്രദ്ധേയനായ ഒ വി വിജയന്റെ പ്രസിദ്ധമായ ഒരു കഥയാണ് കടൽത്തീരത്ത്.തൂക്കിലേറ്റാൻ വിധിക്കപ്പെട്ട മകനെ അവസാനമായി ഒരുനോക്കു കാണാൻ പോകുന്ന വെള്ളായിയപ്പൻ എന്ന പിതാവിന്റെ തീവ്രസങ്കടങ്ങളുടെ ആവിഷ്കാരമാണ് ഈ കഥ .പിതൃപുത്രബന്ധത്തിന്റെ തീവ്രമായ ആവിഷ്കാരമായി മാറുന്ന ഈ കഥ ഭാവതീവ്രമായ ആഖ്യാനം കൊണ്ട് ശ്രദ്ധേയമാണ്.വെള്ളായിയപ്പൻ എന്ന ശുദ്ധഗ്രാമീണനനും ദരിദ്രനുമായ ഒരു പിതാവിന്റെ മനസ്സിലിരമ്പുന്ന കടലോളമുള്ള ദു:ഖവും ദാരിദ്ര്യത്തിന്റെ നിസ്സഹായവസ്ഥയും ഈ കഥയിലൂടെ വായനക്കാരുടെ ഹൃദയനൊമ്പരമായി മാറുന്നു.

**പ്രവർത്തനം**

1. ‘കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ ഗ്രാമത്തിനു വേണ്ടിയായിരുന്നു’. ഈ വരികളിൽ തെളിയുന്ന ആശയങ്ങൾ വ്യക്തമാക്കുക.

- വെള്ളായിയപ്പന്റെ ദു:ഖം ഗ്രാമത്തിന്റെ തന്നെ ദു:ഖമാകുന്ന അവസ്ഥ.
- ഗ്രാമീണ ജീവിതനന്മ.
- ഗ്രാമീണ നഗര വ്യത്യാസം.

2. വീട്ടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്.അവ അങ്ങനെത്തന്നെ ഇരിക്കട്ടെ.മരക്കാരുടെ ഈ ചിന്തയിലെ സൂചനകളെന്ത്?

- കടങ്ങൾ വീട്ടാൻ ആഗ്രഹമില്ലാഞ്ഞിട്ടില്ല കഴിയാഞ്ഞിട്ടാണ്.
- കടം വീട്ടാനറിയാത്ത അവസ്ഥ ദൈവത്തിനറിയാം.
- ഇല്ലാത്തവന് നൽകുന്ന കടം നന്മകളുടെ ശേഖരത്തിലാവാം ഈശ്വരൻ ഉൾപ്പെടുത്തുന്നത്.

3. പുഴകടന്ന് അപ്പുറത്തെ മേട് കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു. വെള്ളായിയപ്പനെ കരയിപ്പിച്ച തീവ്രമായ ഓർമ്മകൾ എന്തെല്ലാം ?

- അച്ഛന്റെ ശവത്തെകുളിപ്പിച്ച ഓർമ്മ.
- മകനെ കുളിപ്പിച്ച ഓർമ്മ.
- പുഴയുമായുള്ള ആത്മബന്ധം.

4. അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി. ഈ വാക്കുകളിൽ തെളിയുന്ന വെള്ളായിയപ്പന്റെ മാനസീകാവസ്ഥ വ്യക്തമാക്കുക.

- വെള്ളായിയപ്പന്റെ സങ്കടം തിരിച്ചറിയാത്ത അപരിചിതരുടെ ഇടപെടൽ.
- തന്റെ ദു:ഖം അത്രയും പങ്കുവെക്കാൻ കഴിയാത്ത അവസ്ഥ

5. 'പൊതിച്ചോറ്' ഈ കഥയിൽ ഒരു കഥാപാത്രമെന്നോണം നിറഞ്ഞുനിൽക്കുന്നു . ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക.

- ആദ്യാവസാനം കഥയിൽ നിറഞ്ഞു നിൽക്കുന്നു. യാത്രയുടെ തുടക്കത്തിലെ പൊതിച്ചോറിന്റെ അവസ്ഥ.
- യാത്രയുടെ ഒടുക്കം അതിനു വരുന്ന മാറ്റം പൊതിച്ചോറ് ബലിച്ചോറാകുന്ന അവസ്ഥ.
- ഭാര്യയുടെയും വെള്ളായിയപ്പന്റെയും സങ്കടക്കണ്ണീരുവീണ പൊതിച്ചോറ്.

6. “ കാരണവരേ, കട്ടാൽ മതി ജയിലിലെത്തിച്ചേരാം”- ഈ വരികളിൽ തെളിയുന്നത് ക്രൂരമായ പരിഹാസമല്ലെ ? നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

- മറ്റുള്ളവരുടെ സങ്കടങ്ങൾ തിരിച്ചറിയാത്ത അവസ്ഥ.
- പരിസരബോധമില്ലാതെ സംസാരിക്കുന്ന അവസ്ഥ-
- ഗ്രാമനഗര വ്യത്യാസം

7. “ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്നും ഏറ്റുവാങ്ങി.” – പ്രയോഗഭംഗി വ്യക്തമാക്കുക.

- പേറ്റിച്ചി ഏറ്റുവാങ്ങുന്നത് ജീവനുള്ള കുഞ്ഞ്, വെള്ളായിയപ്പൻ മരിച്ച മകനെ.
- പേറ്റിച്ചിക്ക് കുഞ്ഞിനോടുള്ള ശ്രദ്ധ,വെള്ളായിയപ്പന് മകനോടുള്ള സ്നേഹം.
- കടുത്ത വേദനയ്ക്കൊടുവിലാണ് ഒരാൾക്ക് ഒരു കുഞ്ഞിനെ കിട്ടുന്നത്. അതുപോലെ വെള്ളായിയപ്പൻ കഠിനവേദനയിലാണ് മകനെ ഏറ്റുവാങ്ങുന്നത്.

8. വെള്ളായിയപ്പന്റെ തീവ്രസങ്കടങ്ങളുടെ ആവിഷ്കാരമാണ് കടൽത്തീരത്ത് എന്ന കഥ- വെള്ളായിയപ്പന്റെ കഥാപാത്ര നിരൂപണം തയ്യാറാക്കുക.

- കഥാകൃത്തിന്റെയും കഥയുടെയും കഥാപാത്രത്തിന്റെയും സൂചന.
- കഥാപാത്രത്തിന് കഥയിലെ സ്ഥാനം.
- മറ്റു കഥാപാത്രങ്ങളുമായുള്ള ബന്ധം.
- സ്വഭാവസവിശേഷതകൾ
- നിങ്ങളുന്ന നിരീക്ഷണങ്ങൾ

**വർക്ക് ഷീറ്റ്**

1. മാതൃകപോലെ പദം വിഗ്രഹിക്കുക. (സ്കോർ-1)

കാക്കക്കരച്ചിൽ - കാക്കയുടെ കരച്ചിൽ.

കടൽത്തീരത്ത് - ......................................

2. 'അർത്ഥപൂർണ്ണമായ മൗനം' കടൽത്തീരത്ത് എന്ന കഥയെ ഭാവസാന്ദ്രമാക്കുന്നു.ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

(സ്കോർ-4)

3. കടൽത്തീരത്ത് എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

(സ്കോർ-4)

4. ആദ്യം പരുക്കനായി വെള്ളായിയപ്പനോട് പെരുമാറിയ പാറാവുകാരൻ കാർന്നോർക്ക് ചായയോ മറ്റോ വേണോ എന്ന് ചോദിക്കുന്നു. ഈ ഭാവവ്യത്യാസത്തിന് കാരണമെന്താവാം. (സ്കോർ-2)

5. 'കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിന് വേണ്ടിയായിരുന്നു'

'കാരണവരെ കട്ടാൽ മതി ജയിലിൽ എത്തിച്ചേരാം'

- കഥാ സന്ദർഭങ്ങളെ മുൻനിർത്തി ഗ്രാമ നഗര ജീവിതാവസ്ഥ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
(സ്കോർ-4)

## യൂണിറ്റ് 3.

## സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

നിരവധി സംഘർഷങ്ങൾ നിറഞ്ഞതാണ് ഓരോ ജീവിതവും. വ്യക്തിപരമായ സംഘർഷങ്ങൾ പലപ്പോഴും സാമൂഹ്യ സംഘർഷങ്ങളായി മാറാറുണ്ട്. ഇതിന്റെ ആവിഷ്ക്കരണം കലയിലൂടെ സാധ്യമാണ്. മാഞ്ഞുപോവുന്നതാണ് ജീവിതമെങ്കിൽ അനശ്വരമാണ് കല.

- പ്രലോഭനം.
- യുദ്ധത്തിന്റെ പരിണാമം.
- ആത്മാവിന്റെ വെളിപ്പാടുകൾ.

കല-എത്ര ദീർഘം! സാധനാലഭ്യം !
ആവൂ ! ജീവിതമെത്ര ഹ്രസ്വതരം.!

ജീവിതത്തെയും കലയേയും സംബന്ധിച്ച എന്തൊക്കെ ചിന്തകളാണ് ഈ വരികൾ മുന്നോട്ട് വെക്കുന്നത്.?

## പാഠം 1.

## പ്രലോഭനം

ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥയിൽ നിന്നെടുത്തിട്ടുള്ള താണ് 'പ്രലോഭനം'.ദമയന്തിയെ സ്വന്തമാക്കാൻ കഴിയാത്തതിൽ പകയും ദേഷ്യവും കലിക്കുണ്ട്.നളദമയന്തിമാരെ തമ്മിലകറ്റി രാജ്യത്ത് നിന്ന് പുറത്താ ക്കുവാൻ വേണ്ടി കലി പുഷ്കരനെ സ്വാധീനിക്കുന്നതാണ് പാഠഭാഗം. പുഷ്ക രന്റെ മനസ്സിൽ നളനോടുള്ള അസൂയയും അധികാര മോഹവും കലി നിറയ്ക്കു ന്നു. ചൂതുകളിച്ച് നളനെ തോൽപ്പിച്ച് രാജ്യവും സമ്പത്തും കൈക്കലാക്കാൻ കലി പുഷ്കരനെ പ്രലോഭിപ്പിക്കുന്നു.

**പ്രവർത്തനം 1**

1. നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
   അമിത്രവീരന്മാരെ അമർക്കും വൻപടയും
   ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ ചുറ്റും. -
   - ഈ വരികളിൽ തെളിയുന്ന പുഷ്കരന്റെ മാനസീകാവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. ?

- നിരാശയും നിസ്സഹായതയും.
- അധികാരമോഹം.
- നളനോടുള്ള അസൂയ

**പ്രവർത്തനം 2**

ദുഷ്കരമായിട്ടൊന്നുമില്ലകേൾ
മത്സഹായമുണ്ടായാലേവനും
നളനും നീയും ഭേദമെന്തിവിടെ - എന്തൊക്കെ വാഗ്ദാനങ്ങളാണ് കലി പുഷ്കരന് നൽകുന്നത്.

- അധികാരം നേടിയെടുക്കാനുള്ള സഹായം.
- പ്രശസ്തി.
- പണയവസ്തുവായി തന്നെ സ്വീകരിക്കൽ

**പ്രവർത്തനം.3**

“ വൈരി വൈരസേനിക്കിഹ ഞാൻ കലി

തവ ഞാൻ മിത്രം

തസ്യ നാടുഞാൻ തേ തരുന്നു,

ചൂതുപൊരുക പോരിക”.

ഈ വരികളിലെ ആശയത്തെ പ്രലോഭനം എന്ന ശീർഷകവുമായി ബന്ധപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

- നളനപ്പോലെത്തന്നെ പുഷ്കരനും വീരസേനന്റെ മകനാണ്.
- വൈരസേനിയെന്ന പ്രയോഗം ബോധപൂർവ്വം പ്രയോഗിച്ചതാണ്.
- നളന്റെ രാജ്യം പുഷ്കരന്റെതാണെന്ന ധ്വനി.
- നളന് ഞാൻ ശത്രുവാണെങ്കിൽ നിനക്ക് ഞാൻ മിത്രമാണ്.

**വർക്ക് ഷീറ്റ്.**

1. കലി എന്ന കഥാപാത്രത്തിന് ഏറ്റവുമധികം യോജിക്കുന്ന സ്വഭാവം.(സ്കോർ-1)

- പകയും അസൂയയും.
- ചുതുകളിയിലെ പ്രാവിണ്യം.
- പുഷ്കരനോടുള്ള സ്നേഹം.
- മറ്റുള്ളവരെ സഹായിക്കാനുള്ള മനസ്സ്.

2. പാരിലെന്നെയിന്നാരറിയാതവർ ? (സ്കോർ-1)

അടിവരയിട്ട പദം സൂചിപ്പിക്കുന്ന കഥാപാത്രം .

- പുഷ്കരൻ
- കലി
- നളൻ
- ദ്വാപരൻ

3. പിരിച്ചെഴുതുക. (സ്കോർ-1 വീതം)

മാതൃക : കൈക്കലാക്കിയവനെ - കൈക്കലാക്കി + അവനെ

മത്സഹായം - .................................

പാരിലെന്നെ - .................................

4. 'പുഷ്കരാ നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ' കലിയുടെ ഈ വാക്കുകൾ നൽകുന്ന സൂചനകൾ എന്തെല്ലാം കുറിപ്പ് തയ്യാറാക്കുക.
(സ്കോർ-2)

- പുഷ്കരന് പലതും ചെയ്യാനുണ്ട്.
- നളനെ തോൽപിക്കാൻ പുഷ്കരന് കഴിയും.

5. കലി പുഷ്കരനെ പ്രലോഭിപ്പിക്കുന്നതുപോലെ പലതരം പ്രലോഭനങ്ങളും നമുക്ക് ചുറ്റും ഉണ്ടാവുന്നുണ്ട്.അത്തരം പ്രലോഭനങ്ങൾക്ക് കീഴ്പ്പെടുന്നത് ശരിയാണോ ...? നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക.
(സ്കോർ-6)

## പാഠം.2

## യുദ്ധത്തിന്റെ പരിണാമം.

നമ്മുടെ ഇതിഹാസ കാവ്യമായ മഹാഭാരതം ഒരുപാട് എഴുത്തുകാർക്ക് സർഗാത്മക രചനകൾക്ക് പ്രചോദകമായിട്ടുണ്ട്. പലതരം വ്യാഖ്യാനങ്ങൾക്കും പുനർവായനകൾക്കും വിധേയമാണ് മഹാഭാരതം എന്ന ഇതിഹാസ കാവ്യം. മഹാഭാരത കഥാ സന്ദർഭങ്ങൾക്ക് പുതിയ വ്യാഖ്യാനം നൽകുന്ന ഗ്രന്ഥമാണ് പ്രശസ്ത സാഹിത്യനിരൂപകനായ കുട്ടികൃഷ്ണ മാരാർ രചിച്ച 'ഭാരത പര്യടനം'. പരമ്പരാഗതമായി പറഞ്ഞുവരുന്ന പാണ്ഡവ കൗരവ പക്ഷത്തിന്റെ നന്മതിന്മകൾ സൂക്ഷ്മമായി വിശകലനം ചെയ്യുകയാണ് മാരാർ. ഒപ്പം യുദ്ധം വരുത്തിവെക്കുന്ന വിപത്തുകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

**പ്രവർത്തനം.**

1. 'എന്റെ സഹോദരി ദുശ്ശള അവളുടെ ഭർത്താവും സഹോദരന്മാരും മരിച്ചത് കേട്ട് കരഞ്ഞ് കരഞ്ഞ് എന്താവുമോ ആവോ' ! ദുര്യോധനന്റെ വാക്കുകളിൽ തെളിയുന്നതെന്ത്.?

- സഹോദരീസ്നേഹം.
- കുടുംബബന്ധങ്ങളിലെ ആർദ്രത.

2. മഹാഭാരത യുദ്ധം തുടങ്ങുമ്പോൾ രണ്ട് ചേരിക്കാരും തമ്മിലുണ്ടാക്കിയ കരാറിന് പിന്നീട് സംഭവിച്ച മാറ്റമാണോ യുദ്ധഗതിയെ മാറ്റിയത്.? നിങ്ങളുടെഅഭിപ്രായം വ്യക്തമാക്കുക.

- കരാറിലെ വ്യവസ്ഥകളിൽ പ്രധാനം
- ധർമ്മയുദ്ധം അധർമ്മയുദ്ധമായി മാറിയ അവസ്ഥ.
- കരാറിന്റെ ലംഘനങ്ങൾ.
- പിന്നീടുണ്ടായ സംഭവങ്ങൾ

3. പാണ്ഡവർ നേടിയ വിജയത്തെ വല്ലപാടും നേടിയ വിജയമെന്ന് മാരാർ വിശേഷിപ്പിക്കുന്നതിന്റെ ഔചിത്യം വ്യക്ത്മാക്കുക.

- യുദ്ധനിയമങ്ങൾ ലംഘിച്ചുനേടിയവിജയം
- ധർമ്മയുദ്ധം അധർമ്മയുദ്ധമാകുന്ന അവസ്ഥ
- പാണ്ഡവപക്ഷത്തും അനീതിയുണ്ട്.
- ലക്ഷ്യം നേടാൻ ഏത് വഴിയും സ്വീകരിക്കുന്നു.

4. ദുര്യോധനനെക്കുറിച്ചുള്ള പരമ്പരാഗതമായ കാഴ്ചപ്പാടുകളെ പൊളിച്ചെഴുതുകയാണോ കുട്ടികൃഷ്ണമാരാർ.? നിങ്ങളുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുക.

- കൗരവർ തിന്മയുടെയും പാണ്ഡവർ നന്മയുടെയും പക്ഷം എന്നത് ചോദ്യം ചെയ്യുന്നു.
- 18 ദിവസവും ദുര്യോധനൻ അമ്മയെ സന്ദർശിക്കുന്നു.
- ദുശ്ശളയെയോർത്ത് വിലപിക്കുന്നു.
- ചതിയിലൂടെയാണ് ദുര്യോധനനെ വീഴ്ത്തുന്നത്.
- മരണം തൊട്ടടുത്തുണ്ടായിട്ടും പോരാട്ട വീര്യം മായുന്നില്ല.

5. “ മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവെക്കുന്ന ഭയങ്കരദുരന്തത്തെ എടുത്തുകാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം എന്ന് തീർത്ത് പറയാൻ സംശയിക്കേണ്ടതില്ല.” (മാരാർ)

‘യുദ്ധം മനുഷ്യരാശിയോടുള്ള ആക്രമണം’ എന്ന വിഷയത്തിൽ എഡിറ്റോറിയൽ തയ്യാറാക്കുക. (മുഖപ്രസംഗം)

- എഡിറ്റോറിയലിന്റെ ഘടന.
- വിഷയം, സമകാലിക പ്രസക്തി.
- വിഷയത്തിന്റെ വിവിധ തലങ്ങൾ.
- നിരീക്ഷണങ്ങൾ.
- യുദ്ധം വരുത്തുന്ന വിന,യുദ്ധത്തിനെതിരെയുള്ള ചിന്ത.

6. 'താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ

താൻ താൻ അനുഭവിച്ചിടുകെന്നേവരൂ'..- എഴുത്തച്ഛന്റെ ഈ വരികൾ അശ്വത്ഥാമാവിന്റെ ജീവിതവുമായി ബന്ധിപ്പിച്ച് കുറിപ്പ് തയ്യാറാക്കുക.

- വരികളുടെ ആശയം.
- അശ്വത്ഥാമാവിന്റെ ജീവിതം
- അയാൾ ചെയ്ത ക്രൂരതകൾ.

7 ശപിക്കപ്പെട്ടവൻ എന്ന വാക്ക് മുഴുവനർത്ഥത്തിൽ വല്ലവരെ പറ്റിയും പറയാമെങ്കിൽ അതീ അശ്വത്ഥാമാവിനെപറ്റിയാണ്.

മുകളിലെ നിരീക്ഷണവും പാഠഭാഗത്തെ സന്ദർഭങ്ങളും ഉൾക്കൊണ്ട് അശ്വത്ഥാമാവിന്റെ സ്വഭാവ സവിശേഷതകൾ വ്യക്തമാക്കി കഥാപാത്രനിരൂപണം തയ്യാറാക്കുക.

- കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ.
- അശ്വത്ഥാമാവ് ചെയ്ത പ്രവൃത്തികൾ.
- ശാപം-അതിനുണ്ടായ സാഹചര്യം
- ചിരഞ്ജീവിയാകുന്നതെങ്ങനെ
- പകയുടെ പ്രതീകമാകുന്നത്.

**വർക്ക്ഷീറ്റ്**

1. 'കൗരവപ്പടയിൽ മരിക്കാതെ ശേഷിച്ച ആ മൂന്നുപേർ' എന്ന് ലേഖകൻ സൂചിപ്പിക്കുന്ന ആ മൂന്ന്പേർ ആരെല്ലാം... (സ്കോർ-1)

2. ഭാരത പര്യടനം എന്ന കൃതിക്ക് അവലംബമായ ഇതിഹാസ കാവ്യം ഏത്.? (സ്കോർ-1)

3. 'സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ട് വന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ച് മുങ്ങിപ്പോയി , മരിച്ചവരോ സ്വർഗ്ഗത്തിലായി'. സന്ദർഭം വിലയിരുത്തുക. (സ്കോർ-2)

4. ‘ഇനി എന്റെ പക്ഷത്ത് ബാക്കിയുള്ളവരോട് പറയണം ഭീമൻ മുറതെറ്റിച്ചാണ് എന്നെ വീഴ്ത്തിയതെന്ന്’. ഇവിടെ ദുര്യോധനൻ സൂചിപ്പിക്കുന്നതെന്ത് ?

(സ്കോർ-2)

5. “ഗുരുഘ്നാതികൾക്ക് കുലപാംസന, ലോകങ്ങളില്ല ” ആരുടെ വാക്കുകളാണിത്. ഇങ്ങനെ പറയുന്നതെന്തുകൊണ്ട്. ? (സ്കോർ-2)

6. പ്രമാദം തന്നെ <u>പ്രമാദത്തിൽ</u>ക്കവിഞ്ഞ ഒരു കൊല ജീവിതത്തിലില്ല.അടിവരയിട്ട പദത്തിന്റെ അർത്ഥമെന്ത്.? (സ്കോർ-1)

7 .ശരിയായ വിഗ്രഹരൂപമേത്. (സ്കോർ-1)

വിജന പ്രദേശം ( വിജനതയുടെ പ്രദേശം,വിജനമായ പ്രദേശം,വിജനയും പ്രദേശവും)

8 മാതൃകപോലെ എഴുതുക.

ഭീമൻ - ഭൈമി.

ദശരഥൻ - ദാശരഥി.

സുമിത്ര -

കുന്തി -

ജനകൻ -

രാധ -

9. ശപിക്കപ്പെട്ടവൻ എന്ന വാക്ക് മുഴുവനർത്ഥത്തിൽ വല്ലവരെ പറ്റിയും പറയാമെങ്കിൽ അതീ അശ്വത്ഥാമാവിനെ പറ്റിയാണ്. ശ്രീകൃഷ്ണൻ അശ്വത്ഥാമാവിനെ ശപിക്കാനിടയായ സാഹചര്യമെന്ത്.

(സ്കോർ-4)

## പാഠം 3.

## ആത്മാവിന്റെ വെളിപാടുകൾ

ലോകപ്രശസ്ത റഷ്യൻ നോവലിസ്റ്റ് ദസ്തയേവ്സ്കിയുടെ ജീവിതത്തെ അടിസ്ഥാനമാക്കി പെരുമ്പടവം ശ്രീധരൻ രചിച്ച നോവലാണ് 'ഒരു സങ്കീർത്തനം പോലെ' .ഇതിൽ നിന്നെടുത്തിട്ടുള്ള ഒരു ഭാഗമാണ് 'ആത്മാവിന്റെ വെളിപാടുകൾ'.അപസ്മാര ബാധയാൽ കൂടുതൽ അവശനും ക്ഷീണിതനുമായ ദസ്തയേവ്സ്ക്കിയുടെ ഏകാന്തതവും ശൂന്യവുമായ ജീവിതാവസ്ഥയാണ് പാഠഭാഗത്ത് ചിത്രീകരിച്ചിരിക്കുന്നത്.ഏറെ സ്നേഹിച്ച ഭാര്യയുടെ വേർപാട്, താങ്ങും തണലുമായി നിന്ന ചേട്ടൻ മൈക്കിളിന്റെ മരണം, തുടർന്ന് ഏറ്റെടുക്കേണ്ടി വന്ന കുടുംബ ബാദ്ധ്യതകൾ എല്ലാം ചേർന്ന് ജീവിതത്തിന്റെ കെട്ടുപാടുകളിൽ പെട്ട് അദ്ദേഹം പിടയുന്നു. ദസ്തയേവ്സ്കിയുടെ കടുത്ത ആരാധകന്റെ മകളായ അന്ന സ്റ്റെനോഗ്രാഫറായി അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് കടന്നുവരുന്നു. സ്നേഹ പരിചരണങ്ങളാൽ അദ്ദേഹത്തെ നിർത്തിവെച്ച നോവൽ രചനയ്ക്ക് പ്രചോദിപ്പിക്കുന്നു.

**പ്രവർത്തനം 1.**

ആ ചരടുകളെല്ലാം കൂടി കെട്ടുപിണഞ്ഞ് ആകെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു.ജീവിതം കുരുക്കിലകപ്പെട്ടതുപോലെ ദസ്തയേവ്സ്കിക്ക് തോന്നാൻ കാരണമെന്ത് ?

- ഭാര്യയുടെ മരണം.
- ജ്യേഷ്ഠന്റെ മരണം, കടബാധ്യത.
- ബന്ധങ്ങൾ ബന്ധനങ്ങളാകുന്ന അവസ്ഥ.
- സ്റ്റെല്ലോവ്സ്കിയുമായുള്ള കരാർ.

**പ്രവർത്തനം. 2**

'ഇത് നിലമുഴുന്ന പോലെയോ പാറ പൊട്ടിക്കുന്നപോലെയോ അല്ല'.സാഹിത്യരചനയെക്കുറിച്ചുള്ള ദസ്തയേവ്സ്കിയുടെ കാഴ്ചപ്പാട് വിലയിരുത്തുക.

- സാഹിത്യരചനയെ നിസ്സാരമായി കാണാനാവില്ല.
- അത് യാന്ത്രികമായ ഒരു പ്രവൃത്തിയല്ല.
- മനസ്സിന്റെ സമർപ്പണമാണ്.

**പ്രവർത്തനം 3.**

'നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത്' ?

അന്നയും ദസ്തയേവ്സ്കിയും തമ്മിലുള്ള ആത്മബന്ധത്തെക്കുറിച്ച് ഈ വാക്യം നൽകുന്ന സൂചനകൾ എന്തെല്ലാമാണ്.?

- ദസ്തയേവ്സ്കിയുടെ മനസ്സ് വായിക്കാൻ കഴിയും
- ദസ്തയേവ്സ്കിയുടെ ശക്തിയും ദൗർബല്യങ്ങളും ഉൾക്കൊള്ളാനാവും.
- അദ്ദേഹത്തിന്റെ രചനകളെ ആഴത്തിലറിഞ്ഞിട്ടുണ്ട്.

**പ്രവർത്തനം.4.**

ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്. അനുഭവങ്ങൾ എന്തുതന്നെയായാലും ജീവിതത്തെ സ്നേഹിക്കാൻ കഴിയുന്നതാണ് മനുഷ്യന്റെ വിജയം.- ഈ ചിന്ത പങ്കുവെക്കുകയാണ് ദസ്ത യേവ്സ്കി എന്ന എഴുത്തുകാരൻ. വിലയിരുത്തുക.

- അനുഭവങ്ങൾ കഠിനമാണ്.
- നല്ല സാഹിത്യരചനകൾ നടത്താനാഗ്രഹിക്കുന്നു.
- ജീവിതത്തെ സ്നേഹിക്കുന്നു.
- ദുരന്തങ്ങൾക്കിടയിലും പ്രത്യാശ കൈവിടാത്ത മനസ്സ്.

**വർക്ക്ഷീറ്റ്**

1 .'വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ.'? ഇവിടെ സൂചിതമാവുന്ന ദസ്തയേവ്സ്കിയുടെ ജീവിതാവസ്ഥ. (സ്കോർ-1)

- തീവ്രമായ ഒറ്റപ്പെടലും നിസ്സഹായതയും.
- കുടുംബത്തോടൊത്തുള്ള ജീവിതം.
- അപസ്മാര ബാധ.

2. 'അവൾ പോയിക്കഴിഞ്ഞപ്പോഴാണ് ശവക്കുഴിയിൽ അവളോടൊപ്പം എന്താണ് അടക്കിയതെന്ന് ഞാനറിയുന്നത്.'? ഈ വാക്യങ്ങളിലെ ആശയത്തോട് യോജിക്കുന്നത് ? (സ്കോർ-1)

- മേരിയായുടെ വേർപാടിൽ ആശ്വസിക്കുന്നു.
- ഭാര്യയെ ദസ്തയേവ്സ്കി അഗാധമായി സ്നേഹിച്ചിരുന്നു.
- ഭാര്യയോടൊത്തുള്ള ജീവിതം നരകതുല്യമായിരുന്നു.

3. സ്നേഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർത്ഥത്തിൽ ജീവിതമാണോ ? ഇവിടെ തെളിയുന്ന മനോഭാവം (സ്കോർ-1)

- ജീവിത സുഖങ്ങൾ ആഗ്രഹിക്കുന്നു.
- കഷ്ടപ്പാടുകളെ വെറുക്കുന്നു.
- വ്യത്യസ്ത അനുഭവങ്ങൾ ചേർന്ന ജീവിതത്തെ സ്നേഹിക്കുന്നു.
- ആർഭാടങ്ങൾ ആഗ്രഹിക്കുന്നു.

3. കുരിശിൽ കിടന്ന് പ്രാണൻ പിടയുമ്പോൾ പിതാവെ ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല.എന്ന് ക്രിസ്തു പ്രാർത്ഥിച്ചത് അന്ന അറിയാതെ ഓർത്തുപോയി.-ദസ്തയേവ്സ്കിയുടെ ജിവിതത്തെക്കുറിച്ച് ഈ സന്ദർഭം നൽകുന്ന അർത്ഥസൂചനകൾ എന്തെല്ലാം. (സ്കോർ-2)

5. ഉപദേശത്തിന്റെ കുറവുകൊണ്ടാണോ മനുഷ്യൻ ചീത്തയാകുന്നത്.? മനുഷ്യ ജീവിതത്തെക്കുറിച്ച് ഈ വാക്യം മുന്നോട്ട് വെക്കുന്ന ചിന്ത എന്താണ്.

(സ്കോർ-2)

6. അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കുക-

പ്രകൃതിയുടെ ആത്മാവിൽ നിന്നുയരുന്ന മൗനത്തിന്റെ മൊഴികൾ കേട്ടുകൊണ്ട് നടക്കുമ്പോൾ സെന്റ് പീറ്റേഴ്സ്ബർഗ് നഗരം പ്രപഞ്ചമായി വികസിച്ചു. (സ്കോർ-2)

7. ധാരാളം ആത്മക്ഷതങ്ങളേറ്റിട്ടുള്ള ഒരാളാണ് ദസ്തയേവ്സ്കി. ആത്മക്ഷതങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുക. (സ്കോർ-4)

8. ''എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു ദരിദ്രമാതാവിന്റെ അന്ത്യകാലത്തെ കുറഞ്ഞൊന്ന് ആശ്വസിപ്പിക്കാനും പ്രേമാന്ധനായി വഴിപിഴച്ച ഒരു യുവാവിനെ മാതൃഹൃദയത്തിന്റെ ഒരു ചിത്രം വരച്ച്കാണിച്ച് മനസ്സിളക്കിത്തീർക്കാനും ഒരിക്കൽ എനിക്ക് സാധിച്ചിട്ടുണ്ടെന്ന് അഭിമാനത്തോടെ വിശ്വസിക്കുന്നു''.

( ഞാൻ കഥാകാരനായ കഥ -എസ് കെ പൊറ്റക്കാട്)

''നന്മയുടെ മൂർത്തിയായ ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം''.

( ആത്മാവിന്റെ വെളിപാടുകൾ പെരുമ്പടവം)

സാഹിത്യ രചനയെക്കുറിച്ചുള്ള രണ്ട് എഴുത്തുകാരുടെ കാഴ്ച്ചപ്പാടുകൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (സ്കോർ-6)

## യൂണിറ്റ് 4.

## വാക്കുകൾ സർഗ്ഗതാളങ്ങൾ

മനുഷ്യവംശത്തിന്റെ വളർച്ചയിൽ ഭാഷയ്ക്ക് നിസ്തുലമായ പങ്കുണ്ട്. ജീവിതാനുഭവങ്ങളെ ഏറ്റവും ഉചിതമായ ഭാഷയിൽ ആവിഷ്കരിക്കാൻ കഴിയുന്നവർ ഉത്തമരായ എഴുത്തുകാരാകുന്നു.പുരോഗതിയുടെ ചരിത്രത്തിലങ്ങോളമിങ്ങോളം വെളിച്ചം കാട്ടിയത് മനുഷ്യന്റെ സർഗ്ഗഭാവനകളാണ്.അത് ജീവിതത്തെ സമ്പന്നവും സമ്പുഷ്ടവുമാക്കുന്നു.അത്തരം ആവിഷ്കാരങ്ങളിൽ ചിലതാണ് ഈ യൂണിറ്റിലുള്ളത്.

''ആ പ്രായത്തിലാണ്
എന്നെത്തേടി
കവിത വന്നണഞ്ഞത്,
എനിക്കറിയില്ല എവിടെനിന്നാണ് വന്ന
തെന്നെനിക്കറിയില്ല.''

(പാബ്ലോ നെരുദ)..

കവിതയുടെ പിറവിയെക്കുറിച്ച് നെരുദയുടെ ചിന്തകളെന്തെന്ന് വിശകലനം ചെയ്യുക.

- ഏത് പ്രായത്തിലും കവിതഎഴുതാം.
- ഏത് വിഷയവും കവിതയ്ക്ക് കാരണമാകാം.
- ഏത് കാലവും കവിത ഉടലെടുക്കാം.

## പാഠം.1

## അക്കർമാശി

പ്രശസ്ത മറാത്തി സാഹിത്യകാരനായ ശരൺ കുമാർ ലിംബാളെയുടെ ആത്മകഥയാണ് അക്കർമാശി. ദളിത് ജീവിതത്തിന്റെ സത്യസന്ധമായ ആവിഷ്ക്കാരമാണ് ഈ കൃതി.തീവ്രമായ ദാരിദ്ര്യവും കഷ്ടപ്പാടുകളും നിറഞ്ഞ കുട്ടിക്കാലത്തിന്റെ ഓർമ്മകളാണ് പാഠഭാഗത്തിൽ വിവരിക്കുന്നത്.വിദ്യാഭ്യാസ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ സത്യസന്ധത തെളിയിക്കാൻ അവസരം ലഭിച്ച സന്ദർഭം ഹൃദയസ്പർശിയായി പരാമർശിക്കുന്നു.ഏത് ജീവിത പ്രതിസന്ധിയിലും ജീവിത മൂല്യങ്ങൾ കൈവിടാതിരിക്കാൻ സാധിക്കും എന്ന സന്ദേശം കൂടിയാണ് ഈ പാഠം നൽകുന്നത്.

**പ്രവർത്തനം, 1.**

1. 'ചവറുകൾക്കു പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി'.-

ദാരിദ്യം എത്ര ഭീകരമാണ്. കുട്ടിയായിരിക്കുമ്പോൾ തന്നെ ലിബാളെ അനുഭവിച്ച ജീവിത യാതനകൾ ഈ വരികളിൽ തെളിയുന്നുണ്ടല്ലോ.ലിംബാളയുടെ മറ്റ് ബാല്യകാല അനുഭവങ്ങൾ കണ്ടെത്തി എഴുതുക.

- മുത്തശ്ശിയോടൊപ്പം പഴം വില്പന നടത്തിയത്.
- ചവറുകൾ ശേഖരിക്കാൻ പോയത്

2. 'ഒരു മഹാർ ആണെന്നു മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല.അതിനാൽ ഞാനത് നന്നാക്കാതെ തന്നെ കാലിലിട്ടു.'

ലിംബാളെയുടെ ഈ അനുഭവം ജാതിചിന്തയുടെ തീവ്രതയാണല്ലോ വെളിവാക്കുന്നത്.വിശകലനകുറിപ്പ് തയ്യാറാക്കുക.

## വർക്ക്ഷീറ്റ്

1. ശരൺകുമാർ ലിംബാളെയുടെ 'അക്കർമാശി' ഏത് സാഹിത്യവിഭാഗത്തിൽപെടുന്നു. (സ്കോർ-1)

ചെറുകഥ,നാടകം,നോവൽ,ആത്മകഥ

2. പിരിച്ചെഴുതുക. (സ്കോർ-1)

അങ്ങോട്ടുമിങ്ങോട്ടും.

3. 'നമുക്ക് പപ്പാതിയെടുക്കാം, അക്കൽകോട്ട് പോയി സിനിമ കാണാം.'

കൂട്ടുകാരൻ ഇങ്ങനെ പറഞ്ഞപ്പോൾ ലിംബാളയക്ക് അത് സ്വീകാര്യമായി തോന്നിയില്ല.രണ്ടുപേരുടെയും മനോഭാവം വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം എഴുതുക. (സ്കോർ-4)

4. സമൂഹത്തിന്റെ വെളിമ്പുറങ്ങളിൽ ജീവിച്ചുകൊണ്ട് മറ്റുള്ളവരുടെ ഉച്ചിഷ്ടവും അഴുക്കുകളും മാത്രം അനുഭവിച്ചു ജീവിക്കാൻ വിധിക്കപ്പെട്ട വർഗ്ഗത്തിന്റെ പ്രതിനിധിയായിരുന്നു ശരൺകുമാർ ലിംബാളെ.

പാഠഭാഗത്തെ ആശയങ്ങളുടെ സഹായത്തോടെ 'പാർശ്വവത്കരിക്കപ്പെടുന്നവരുടെ ജീവിതം' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക. (സ്കോർ-6)

## പാഠം.2.

## ഞാൻ കഥാകാരനായ കഥ

ജ്ഞാനപീഠപുരസ്കാരം നേടിയ എസ്.കെ പൊറ്റക്കാടിന്റെ രചനാനുഭവം പങ്കുവെക്കുകയാണ് 'ഞാൻ കഥാകാരനായ കഥ'യിൽ.മനുഷ്യജീവിതാനനുഭവങ്ങളോടുള്ള പ്രതികരണങ്ങളിൽ നിന്നാണ് സാഹിത്യമുണ്ടാകുന്നതെന്ന് കഥാകാരൻ പറയുന്നു.മറ്റൊരാളുടെ ഹൃദയത്തെ സ്പർശിക്കാൻ എഴുത്തുകാരന് കഴിയണം.വായിക്കുന്നവരുടെ മനസ്സിൽ ഒരു തരിയെങ്കിലും വെളിച്ചം വിതറാനും മനോഭാവത്തിൽ മാറ്റംവരുത്താനും കഴിയുന്നില്ലെങ്കിൽ എഴുത്ത് നിഷ്ഫലമാവും. ഹൈസ്കുളിൽ പഠിക്കുന്ന കാലത്ത് വൃദ്ധയും നിരാലംബയുമായ ഒരമ്മയ്ക്കു വേണ്ടി കത്തെഴുതിയതിന്റെ അനുഭവമാണ് തന്നിലെ കഥാകാരനെ ഉണർത്തിയതെന്ന് തുറന്നു പറയുകയാണ് എസ്.കെ പൊറ്റക്കാട്.

**പ്രവർത്തനം**

1. 'അവർ കണ്ണീരിൽ കലർത്തി പറഞ്ഞ കഥ എന്നെ വികാരപരവശനാക്കി.'

   - വൃദ്ധയായ അമ്മ ഹൈസ്കൂൾ കുട്ടിയായ എസ്.കെ പൊറ്റക്കാടിനോട് പറഞ്ഞ കഥ എന്തായിരുന്നു ?

- മകന് കത്തയക്കാനാണ് അമ്മ വന്നത്.
- കഷ്ടപ്പെട്ടാണ് അവർ മകനെ വളർത്തിയത്.
- തന്റെ ഏലസിനകത്തെ പൊൻപണം വിറ്റാണ് മകന് പഠിക്കാൻ കാശുണ്ടാക്കിയത്.
- പഠിച്ച് ജോലിയൊക്കെ കിട്ടിയപ്പോൾ മകന് അമ്മയെ കണ്ടുകൂടാതായി.
- കുഠം പിടിച്ച പട്ടിയെപ്പോലെ അമ്മയെ ആട്ടിപ്പായിച്ചു.

2. 'അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി സ്വന്തം വകയായി ചിലസരസ്വതി വിലാസങ്ങളും ചേർത്ത് മടയനായ മകന് തുടരെ തുടരെ എഴുതി അയച്ചു.' -സരസ്വതി വിലാസം എന്ന് എസ്.കെ പറഞ്ഞതിന്റെ പൊരുൾ വിശകലനം ചെയ്യുക.

- വാക്കിന്റെ ശക്തി.
- വികാരം മുഴുവൻ ഉൾക്കൊള്ളാൻ കഴിയുന്ന വാക്കുകൾ എഴുതാൻ കഴിഞ്ഞു.
- അമ്മയുടെ മനസ്സിനെ പകർത്താൻ കഴിഞ്ഞു.
- അമ്മ പറഞ്ഞതിനേക്കാൾ കൂടുതൽ വികാരപരമായി അവതരിപ്പിക്കാൻ കഴിഞ്ഞു.
- മകന്റെ മനസ്സിനെ സ്പർശിക്കാൻ കഴിഞ്ഞു.

3 .പ്രേമാന്ധനായി വഴിപിഴച്ച ഒരു യുവാവിനെ മാതൃഹൃദയം വരച്ചു കാണിച്ചു മനസ്സ്്മാറ്റിക്കാനും ഒരിക്കലെനിക്കു സാധിച്ചിട്ടുണ്ട്.

- എഴുത്തുകാരനും വായനക്കാരനും തമ്മിൽ എങ്ങനെ ബന്ധപ്പെടുന്നു എന്നാണ് എസ്.കെ പൊറ്റക്കാട് ഇവിടെ പറയുന്നത് ?

- വ്യക്തിപരമായ അനുഭവമാണെങ്കിലും വായനക്കാരനെ കൂടി പരിഗണിക്കുന്നതാകണം എഴുത്ത്.
- വായനക്കാരന്റെ മനസ്സിനെ തൊടുന്നതായിരിക്കണം.
- വികാരം ഉൾക്കൊള്ളാനും വായനക്കാരന് പകരാനും കഴിയണം.
- എഴുത്തുകാർ സാമൂഹ്യപ്രതിബദ്ധതയുള്ളവരാകണം.
- മറ്റുള്ളവരുടെ വേദനകൾ അറിയാനും ആശ്വാസം പകരാനും എഴുത്തുകാർക്കും അതിലൂടെ വായനക്കാരനും കഴിയണം.

**വർക്ക് ഷീറ്റ്**

1. 'മുക്കാലും കുരുടിയായിരുന്ന ആ മുത്തിത്തള്ളയാണ്' ചെറുകഥാ രചനയിൽ എന്റെ ആദ്യത്തെ ഗുരുനാഥ.

   - മുത്തിത്തള്ളയെ ആദ്യത്തെ ഗുരുനാഥ എന്ന് എസ്.കെ പൊറ്റക്കാട് വിശേഷിപ്പിച്ചതിന്റെ ഔചിത്യം വിശദമാക്കുക. (സ്കോർ-2)

2. അതെല്ലാം <u>എരിവും പുളിയും ചേർത്തു</u> പകർത്തി അയച്ച ആ ഷ്കോൾകുട്ടിയാണ് തന്റെ മുമ്പിൽ നിൽക്കുന്നതെന്ന് ആ മാന്യൻ അറിയുന്നില്ല.

-അടിവരയിട്ട പ്രയോഗത്തിന്റെ അർത്ഥവ്യാപ്തി കണ്ടെത്തിയെഴുതുക. (സ്കോർ-2)

3. എനിക്ക് അപ്പോൾ സഹതാപവും തുടർന്നുകൊണ്ട് ഉള്ളിൽ ചിരിയും വന്നു.- -അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കുക. (സ്കോർ-2)
4. എസ്.കെ പൊറ്റക്കാടിന്റെ അനുഭവക്കുറിപ്പിനെ മുൻനിർത്തി 'വായനക്കാരും എഴുത്തുകാരും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക. (സ്കോർ-6)

## പാഠം.3

## അശ്വമേധം.

മനുഷ്യന്റെ അജയ്യത ഉറക്കെ വിളംബരം ചെയ്യുന്ന കവിയും ഗാനരചയിതാവുമാണ് വയലാർ രാമവർമ്മ.അശ്വമേധം എന്ന കവിത മനുഷ്യന്റെ സർഗ്ഗശേഷിയുടെ മഹത്വമാണ് നമ്മോട് പറയുന്നത്.ലോകസംസ്കാര വേദിയിൽ സർഗശക്തിയാകുന്ന കുതിരയെ വിട്ടയച്ച് പുതിയ അശ്വമേധം നടത്തുകയാണ്. ഉത്സാഹം തുടിക്കുന്ന ഈ കുതിര ശക്തിനേടിയത് കോടികോടി പുരുഷാന്തരങ്ങളിലൂടെയാണ്. ആർക്കും തടുക്കാൻ കഴിയാത്ത സർഗ്ഗശക്തി കാലങ്ങളായി കുതിച്ചുപായുകയാണ്.സാധാരണക്കാരന്റെ വേദനയും ദു:ഖവും മനസ്സിലാക്കുന്ന പച്ചമണ്ണിന്റെ മനുഷ്യത്വമായി കവിത മാറുന്നു.

**പ്രവർത്തനം**

1. നിങ്ങൾ കണ്ടോ ശിരസ്സുയർത്തിപ്പായു-
   മെൻകുതിരയെ,ചെമ്പൻ കുതിരയെ - സർഗ്ഗശക്തിയാകുന്ന കുതിരയ്ക്ക് കവി നൽകുന്ന മറ്റ് സവിശേഷതകൾ എന്തല്ലാം.
   - കൺകളിലെ ഉന്മേഷം.
   - കാലുകളിലെ ഉത്ഹാസം
   - ശിരസ്സുയർത്തി പായുന്ന കുതിര
2. "കോടികോടി പുരുഷാന്തരങ്ങളിൽ
   കൂടി നേടിയതാണതിൻ ശക്തികൾ."

-മനുഷ്യന്റെ സാംസ്കാരിക പുരോഗതിയെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് ഈ വരികളിൽ വ്യക്തമാകുന്നത്.

- പ്രകൃതിയോട് പോരാടി നേടിയതാണ് ജീവിതം.
- സർഗ്ഗാത്മകതയുടെ ആരംഭം ആദിമ മനുഷ്യരിൽ കണ്ടെത്താം.

3. ‘‘........കാട്ടുപുൽതണ്ട് നൽകി വളർത്തി മുത്തശ്ശിമാർ’’ സാഹിത്യത്തിന്റെ ഏത് കാലത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത് പരിശോധിക്കുക. ?

- നാടോടി സാഹിത്യപാരമ്പര്യം.
- പ്രകൃതിയോടിണങ്ങി ജീവിച്ച മനുഷ്യ ജീവിതം.

4. എത്ര കൊറ്റക്കുടകൾ,യുഗങ്ങളിൽ
കുത്തിനിർത്തിയ മുത്തണിക്കൂണുകൾ
അക്കുളമ്പടിയേറ്ററ്റു വീണുപോയ്
അത്രയേറെ ഭരണകൂടങ്ങളും.

വരികൾ വിശകലനം ചെയ്യുക.?

- ഭരണകൂടങ്ങളുടെ അനീതിക്കെതിരെ സാഹിത്യകൃതികൾ പ്രതികരിച്ചിട്ടു ണ്ട്.
- ലോകത്തുണ്ടായ വിപ്ലവങ്ങൾക്ക് സാഹിത്യത്തിന് വലിയപങ്കുണ്ട്.

5. മനുഷ്യന്റെ സർഗശേഷി വിജയം നേടിയ ചരിത്ര മുഹൂർത്തങ്ങളെ അശ്വമേധം എന്ന കവിതയിൽ കവി പരാമർശിക്കുന്നതെങ്ങനെയൊക്കെയാണ്. ?

- ലോകത്തെ മാറ്റിയത് മനുഷ്യന്റെ സർഗ്ഗശക്തിയാണ്.
- ഭരണകൂടങ്ങളെ എതിർക്കാനും തകർക്കാനും സർഗ്ഗശക്തിക്ക് കഴിഞ്ഞിട്ടു ണ്ട്.
- ദൈവത്തിന്റെയും മതത്തിന്റെയും പേരിൽ സാഹിത്യത്തെ ഒതുക്കാൻ ശ്രമിച്ചപ്പോഴൊക്കെ അതിൽ നിന്നും കുതറിമാറാൻ സർഗ്ഗഭാവനയ്ക്ക് കഴി ഞ്ഞിട്ടുണ്ട്.

6. ‘ഈശ്വരനല്ല,മാന്ത്രികനല്ല ഞാൻ

പച്ചമണ്ണിൻ മനുഷ്യത്വമാണ് ഞാൻ’ -വരികളുടെ ആശയം വിശദീകരിക്കുക.?

- മനുഷ്യൻ മൃഗങ്ങളിൽ നിന്നും വ്യത്യസ്തനാണ്.
- മനുഷ്യരുടെ അധ്വാനത്തിന്റെ ഫലമാണ് ഇന്ന് കാണുന്ന എല്ലാ പുരോഗതിക്കും ആധാരം.
- ഈശ്വര ശക്തിയോ മാന്ത്രിക വിദ്യയോ കൊണ്ട് നേടിയതല്ല ഇക്കാണുന്നതൊന്നും.

**വർക്ക് ഷീറ്റ്**

1. അശ്വമേധം എന്ന കവിതയിൽ കുതിരയായി സങ്കല്പിച്ചിരിക്കുന്നത് എന്താണ്.? (സ്കോർ-1)

2. മണ്ണിൽ നിന്ന് പിറന്നവർ മണ്ണിനെ
പൊന്നണിയിച്ച സംസ്കാര ശില്പികൾ. - ആരെക്കുറിച്ചുള്ള സൂചനകളാണ് ഈ വരികളിലൂടെ ലഭിക്കുന്നത്. (സ്കോർ-2)

3. 'അശ്വമേധം', ' ഞാൻ കഥാകാരനായ കഥ ' എന്നീ പാഠഭാഗങ്ങളിലെ ആശയങ്ങളെ പരിഗണിച്ച് 'സർഗ്ഗഭാവനയും മനുഷ്യപുരോഗതിയും' എന്ന വിഷയത്തിൽ ഒരു മുഖപ്രസംഗം ( എഡിറ്റോറിയൽ) തയ്യാറാക്കുക.? (സ്കോർ-6)

4. പിരിച്ചെഴുതുക. (സ്കോർ-1 വീതം)

ദിഗ്വിജയം.

പാഠിപ്പഠിച്ച.

5. വിഗ്രഹാർത്ഥം എഴുതുക. (സ്കോർ-1 വീതം)

കാട്ടുചോല

പുൽത്തണ്ട്

## യൂണിറ്റ് 5.

## കലകൾ കാവ്യങ്ങൾ

മഹത്തായ കലാസൃഷ്ടികൾ ദേശത്തിനും കാലത്തിനും ഭാഷയ്ക്കും അതീതമായി മനുഷ്യനെ എന്നും പ്രചോദിപ്പിക്കാറുണ്ട്.ഇത്തരം പ്രചോദന ങ്ങൾ വിവിധങ്ങളായ കലാസൃഷ്ടികൾക്ക് പ്രചോദനമാവാറുണ്ട്.

### പാഠം.1

### ഉരുളക്കിഴങ്ങ് തിന്നുന്നവർ

ലോക പ്രശസ്ത ചിത്രകാരൻ വിൻസന്റ് വാൾഗോഗിന്റെ 'ഉരുളക്കി ഴങ്ങ് തിന്നുന്നവർ' എന്ന ചിത്രത്തെ ആസ്പദമാക്കി പ്രശസ്ത മലയാള സാഹി ത്യകാരൻ സുഭാഷ് ചന്ദ്രൻ അതേ പേരിലെഴുതിയ കഥയാണ് ഉരുളക്കിഴങ്ങ് തിന്നുന്നവർ. മഹത്തായ സൃഷ്ടികൾ മറ്റ് സർഗ്ഗരചനകൾക്ക് പ്രേരണയാകാം . മഹാഭാരതത്തെ അവലംബമാക്കി നിരവധി രചനകൾ ഉണ്ടായിട്ടുണ്ട്. മഹാനായ ചിത്രകാരന്റെ രചന മറ്റൊരു എഴുത്തുകാരന് പ്രചോദനമായി മാറുകയാണ്.ചിത്ര ത്തിലെ കഥാപാത്രങ്ങൾ വായനക്കാരുടെ മനസ്സിലേക്ക് ഇറങ്ങിവരുന്ന വിധം മനോഹരമായി ആവിഷ്കരിച്ചിരിക്കുന്നു.

**പ്രവർത്തനം**

1. ജൂലിയാനയുടെ ഭർത്താവിന് എന്തായിരിക്കാം സംഭവിച്ചത്.?കഥയിൽ നിന്നും ലഭിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുക.

- ഉരുളക്കിഴങ്ങ് കണ്ടപ്പോഴുള്ള മിറലിന്റെ ചിന്ത.
- ജൂലിയാനയുടെ പ്രാർത്ഥനയിൽ നിന്ന് ലഭിക്കുന്ന സൂചന.
- മിറലിന് വീട് അപരിചതമായി തോന്നുന്ന അവസ്ഥ.

2 . 'ഇടംവലം ഉലഞ്ഞ് വീട് അടുത്തുവരുന്നു.'

'ഒരേഒരു വെളുത്ത പൂവച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റി കാണിച്ചു.'

– ഈ വാക്യങ്ങൾ കഥാ സന്ദർഭത്തെ എത്രമേൽ ഹൃദയസ്പർശിയാക്കുന്നു. ?

- മകന്റെ ദുരന്തം മിറലിന്റെ മനസിലുണ്ടാക്കുന്ന നടുക്കം
- വീടിനെ ആകെ ഉലയ്ക്കുന്ന ഒരു വാർത്തയാകാം അയാൾക്ക് പറയാനുള്ള ത്.
- മഞ്ഞും മിറലിന്റെ തിമിരവും ഇരുട്ട് പരക്കുന്ന സമയവും കാഴ്ചയെ തകിടം മറിക്കുന്നു.
- മിറൽ ഉള്ളിൽ സൂക്ഷിക്കുന്ന മരണവാർത്തയാകാം വീടിനെ ശവകുടീരമാക്കുന്നത്.

3. 'ഘടികാരത്തിൽ നിന്നും സമയം തുള്ളിതുള്ളിയായി താഴൊക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു'.-ഈ വാക്യത്തിലെ പ്രയോഗഭംഗി വ്യക്തമാക്കുക.

   - വെള്ളം സാവധാനം ഇറ്റിറ്റ് വീഴുന്നതുപോലെ സമയവും ഇഴഞ്ഞു നീങ്ങുന്നു.
   - തീവ്രമായ ദു:ഖം അനുഭവിക്കുമ്പോൾ സമയം നീങ്ങാത്ത അവസ്ഥ.
   - സെക്കന്റ് സൂചിയുടെ ടിക് ടിക് ശബ്ദം ഇറ്റിറ്റ് വീഴുന്ന വെള്ളത്തുള്ളികളെ ഓർമ്മിപ്പിക്കുന്നു.

5. താഴ്ന്ന മേൽക്കൂരയുള്ള, വർഷങ്ങളുടെ മാറാലയും അഴുക്കും ദു:ഖവും അടിഞ്ഞ് മ്ലാനമായ ചുവരുകളുള്ള വീട്.

   – ഈ വരികൾ നൽകുന്ന സൂചനകളെന്തെല്ലാം. ?

   - കുടുംബത്തിന്റെ ദാരിദ്ര്യം.
   - വീടിന്റെ ശോചനീയാവസ്ഥ
   - ഖനിത്തൊഴിലാളികളുടെ ജീവിത ദുരിതം.

6. പുറമെ ശാന്തനെങ്കിലും അകമെ ദു:ഖങ്ങളുടെ കടൽ ഒളിപ്പിക്കുന്ന കഥാപാത്രമാണ് മിറൽ.-പാഠസന്ദർഭത്തിൽ ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക.

- മകന്റെ മരണമറിഞ്ഞിട്ടും ആരെയും അറിയാക്കാനാവാത്ത അവസ്ഥ.
- പുറത്ത് ശാന്തത, ഉള്ളിൽ തീവ്ര സങ്കടം.

7. ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയിലെ അന്ന എന്ന കുട്ടിയുടെ സ്വഭാവ സവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- ഉരുളക്കിഴങ്ങ് ഇഷ്ടമല്ലാതിരിന്നിട്ടും അത് കഴിക്കുന്നതിൽ അവൾ പാകപ്പെട്ടിരിക്കുന്നു.
- ബാല്യത്തിനപ്പുറമുള്ള പക്വത.

**വർക്ക്ഷീറ്റ്**

1 ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു <u>തീക്കനൽ</u> കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു.
അടിവരയിട്ട പദം നൽകുന്ന അർത്ഥസൂചന എന്ത്.? (സ്കോർ-2)

2. വൃദ്ധന്റെ കടക്കണ്ണിൽ നിന്നും ചോരപൊടിയുന്നത് കണ്ട നിമിഷം ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന അറിഞ്ഞു.
- ഈ വരികളിലൂടെ കഥാകൃത്ത് വ്യക്തമാക്കുന്നതെന്ത്? (സ്കോർ-2)

3. ശിരോവസ്ത്രം- ഈ പദത്തിന്റെ ശരിയായ വിഗ്രഹരൂപം.? (സ്കോർ-1)

- ശിരസും വസ്ത്രവും
- ശിരസ്സിലണിയുന്ന വസ്ത്രം.
- ശിരസിന്റെ വസ്ത്രം.

4 ഖനിത്തൊഴിലാളികളുടെ ജീവിതദുരിതങ്ങളുടെ ആവിഷ്കാരമാണ് ഉരുളക്കിഴങ്ങ് തിന്നുന്നവർ. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ.? സ്വാഭിപ്രായം എഴുതുക. (സ്കോർ-4)

5. എഡിറ്റ് ചെയ്യുക. (വാക്യശുദ്ധി) (സ്കോർ-2)

ഏഴ്മണിയോളം ആകുന്നതേയുണ്ടായിരുന്നുള്ളു. വൃദ്ധനായ കിഴവൻ മിറൽ സ്വന്തം സ്വഹൃദയം ചൂടായി തിളക്കുന്നതറിഞ്ഞുകൊണ്ട് ജൂലിയാനയുടെ ചലനങ്ങൾ കണ്ണിന്റെ ഇമവെട്ടാതെ നോക്കി ശ്രദ്ധിച്ചിരിക്കുകയായിരുന്നു.

## പാഠം.2

## മൈക്കലാഞ്ചലോ മാപ്പ്.

ലോക പ്രശസ്ത ഇറ്റാലിയൻ ചിത്രകാരനും ശില്പിയുമായ മൈക്കലാഞ്ചലോയുടെ 'പിയത്ത' എന്ന ശില്പത്തിൽ നിന്നും പ്രചോദനം ഉൾകൊണ്ട് ഒ.എൻ വി കുറുപ്പ് രചിച്ച കവിതയാണ് മൈക്കലാഞ്ചലോ മാപ്പ്. ഒടുവിൽ എന്ന പ്രയോഗത്തിലൂടെ നാടകീയമായി തുടങ്ങുന്ന കവിത ക്രിസ്തുവിന് ഏറ്റുവാങ്ങേണ്ടി വന്ന പീഢാനുഭവവും കുരിശു മരണവും ഓർമ്മിപ്പിക്കുന്നു.അമ്മയുടെ തീവ്രദു:ഖം വായനക്കാരെ അനുഭവിപ്പിക്കാൻ കവിക്ക് കഴിയുന്നു. ശില്പിയുടെ ശില്പം നിർമ്മിക്കാനുള്ള കഠിനാധ്വാനത്തിന് മുന്നിൽ കവി നന്ദി പറയുന്നു.ശില്പനിർമ്മാണത്തിന്റെ മനോഹരമായ മുഹൂർത്തങ്ങളിൽ കവിയും ശില്പിയും ഒന്നാകുന്നു.ശില്പത്തെ തകർക്കാനൊരുങ്ങുന്ന ചുറ്റികയുടെ ശബ്ദം കവി കേൾക്കുന്നു.പുതിയ കാലത്തെ നിലതെറ്റിയ ശബ്ദം കവിയെ അസ്വസ്ഥനാക്കുന്നു.ശില്പത്തെ അക്രമിച്ച് തകർത്ത യുവാവിനോട് കവി രൂക്ഷമായ ഭാഷയിലാണ് പ്രതികരിക്കുന്നത്.ചെറുപ്പക്കാരൻ ചെയ്ത തെറ്റിന് കവി മൈക്കലാഞ്ചലോയോട് മാപ്പ് പറയുന്നു,

**പ്രവർത്തനം.1**

''തന്നിൽ നിന്നടർന്നൊരു
മുത്തിനെയാരോ കുത്തി
നെഞ്ചകം പിളർന്നൊരു
മുത്തിനെവീണ്ടും തന്റെ
യങ്കത്തിലെതിരേൽക്കും
പാഴ്ച്ചിപ്പിയുടെ മൂക സങ്കടം
പോലെയമ്മയിരിപ്പൂ.''

അമ്മയുടെ ദു:ഖത്തിന്റെ തീവ്രത പ്രതിഫലിപ്പിക്കാൻ ഈ വരികൾക്ക് കഴിയുന്നുണ്ടോ.?




**പ്രവർത്തനം 2.**

''നിർന്നിദ്രമാം
നിന്റെ രാവുകൾ ,വിയർത്തുരുകും പകലുകൾ
പങ്കിടുന്നു ഞാൻ''

ഈ വരികളിൽ തെളിയുന്ന കവിയുടെ മാനസികാവസ്ഥ വിശകലനം ചെയ്യുക.

- ശില്പിയുടെ മഹത്ത്വം തിരിച്ചറിയുന്നു.
- ശില്പിയുടെ സർഗ്ഗവൈഭവത്തെ ആദരിക്കുന്നു
- കവിയും ശില്പിയും ഒന്നാകുന്നു

**പ്രവർത്തനം 3.**

''വൃദ്ധനാ-യസ്വസ്ഥനാ
യൊന്നുറങ്ങുവാൻ പോലും
ഡ്രഗ്ഗുകൾ തേടിപ്പോകു-
മീ ശതാബ്ധത്തിൽ ഭ്രാന്ത-
ജല്പനം കേട്ടേൻ...''

സാമൂഹ്യ അവസ്ഥയെക്കുറിച്ചുള്ള എന്ത് സൂചനകളാണ് ഈ വരികളിൽ നൽകുന്നത്.?

- മൂല്യങ്ങളും ആദർശങ്ങളും തകർക്കപ്പെടുന്ന അവസ്ഥ
- ലഹരിയുടെ പിടിയിലാവുന്ന ലോകം
- കലയോടുള്ള ആദരവ് ഇല്ലായ്മ.

## വർക്ക്ഷീറ്റ്

1 ‘‘ ഇന്നലെ വെറും ജഡ
ശിലയായിരുന്നതിൽ
നിന്നു നീ കരുണ തൻ
ഭാവഗാനത്തെ തൊട്ടു
തൊട്ടുണർത്തവേ’’

കരുണതൻ ഭാവഗാനം എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്?

- പിയത്തയെ
- ശില്പിയെ
- കവിയെ

2. ‘‘ അവന്നു ചുറ്റും ബിംബ-
ഭഞ്ജക പരിവേഷ-
മണിയിക്കുവാനേതോ
ക്യാമറ കൺചിമ്മുന്നു.’’

ഈ വരികളിലെ ആശയത്തോട് യോജിക്കുന്നത്.

- ക്യാമറക്കണ്ണുകൾ ഒപ്പിയെടുത്ത ചിത്രം കവിയുടെ കണ്ണുകളിൽപതിഞ്ഞു.
- വിഗ്രഹഭഞ്ജകർക്ക് മാധ്യമങ്ങൾ പ്രാധാന്യം നൽകി അവതരിപ്പിക്കുന്നു.
- വിഗ്രഹം തകർക്കാതിരിക്കാൻ ക്യാമറകൾ കൺചിമ്മുന്നു.

3. ‘‘ മാപ്പുനൽകുകെൻ പ്രിയ- മൈക്കലാഞ്ചലോ ’’

മൈക്കലാഞ്ചലോവിനോട് മാപ്പ് ചോദിക്കുന്നതെന്തുകൊണ്ട്. ?

4. ‘ഒരു വെൺലില്ലിപ്പൂവിൽ
ശോണരേഖകൾ പോലെ
തിരുശോണിതം വാർന്ന
പാടുകളുടലാകെ.!’ -വരികളിലെ സാദൃശ്യകല്പനയുടെ ഔചിത്യം വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക.

5. നന്ദി ! മൈക്കലാഞ്ചലോ !

നിന്റെ സംഗീതം, നിന്റെ
കണ്ണീരുമുറഞ്ഞുയി-
രാർന്നൊരീ പിയത്തയെ
എന്നുള്ളിലെടുത്തതി
ഭദ്രമായിരുത്തി ഞാൻ
പിന്തിരിയുമ്പോൾ കേട്ടേൻ
ഇടിവെട്ടുമ്പോലൊരു
ചുറ്റിക മുട്ടുംശബ്ദം.
തകർന്നു തകർന്നു വെൺ
പൊട്ടുകൾ പൊടികളാ-
യാദയാർദ്രതയുടെ
വെളുത്ത കൈത്താമര.

മനുഷ്യത്വത്തിന്റെ സന്ദേശങ്ങളായി മാറുന്ന എന്തിനെയും തകർക്കുന്ന ക്രൂരമായ അവസ്ഥ ഈ കവിതയിൽ ആവിഷ്കരിക്കപെടുന്നു.സമകാലിക അവസ്ഥകൂടി പരിഗണിച്ച് കുറിപ്പ് തയ്യാറാക്കുക.

ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക..

**ഒപ്പരം**

ഒപ്പരം നീ വേണമെന്ന്
അച്ഛൻ അമ്മയോട് പറയുന്നത് കേട്ടിട്ടില്ല.
അമ്മയുടെ ചുമ
രണ്ടായി മൂന്നായി പെരുകുമ്പോൾ
വിറയാർന്ന കൈയാൽ
പുറം തടവുന്ന
അച്ഛന്റെ നെഞ്ചിൻ കൂട്
ഉയർന്നു താഴുന്നത് കണ്ടിട്ടുണ്ട്.
ഒന്നിച്ചിരുന്ന് കഞ്ഞികുടിക്കുമ്പോൾ
തന്റെ പാത്രത്തിൽ

കണ്ണുപതിയാതെ,
ഒരുവറ്റ് വഴിതെറ്റിപ്പാഞ്ഞ്
ശ്വാസനാളിയെ
തടഞ്ഞേക്കുമോയെന്ന്
അമ്മയുടെ കൈയിലും
ചലനങ്ങളിലും
പതറാതെ പായുന്ന
കണ്ണുകളുടെ
തിരക്ക് അറിഞ്ഞിട്ടുണ്ട്.
പാതിരയിൽ
ശ്വാസതാളത്തിന്റെ വേഗമളന്ന്
തിരിഞ്ഞുകിടന്നാൽ പോലും
എന്തെന്നാരായുന്ന പിടച്ചിൽ
ചുമരുകളെ പോലും
ഉറക്കത്തിൽ നിന്നുണർത്തുന്നത്
കണ്ടിട്ടുണ്ട്.
പാലു വാങ്ങാൻ ഇത്ര സമയം
അടുക്കളയിൽ നിന്ന്
ഇറയത്തേക്ക് ഇത്ര
കുളിക്കാൻ ഇത്ര....
അതിൽ ഒരു നിമിഷം കൂടി പ്പോയാൽ
‘‘എണേ’’
നീട്ടി വിളിയോടൊപ്പം കിതപ്പും
കൂടി വരുന്നത്
തൊട്ടറിഞ്ഞിട്ടുണ്ട്.
ഒപ്പരം നീ വേണമെന്ന്
അച്ഛൻ അമ്മയോട് പറയുന്നത്
ഒരിക്കലും കേട്ടിട്ടില്ല.

വിലാസിനി.ടി.വി

**കേരളപാഠാവലി.**

ശില്പശാലയിൽ പങ്കെടുത്തവർ.

1. വിലാസിനി.ടി.വി -
   എച്ച് എസ് ടി . ജി എച്ച് എസ് എസ് മുണ്ടേരി- 9400181919.
2. അബ്ദുൾ സിദ്ദിഖ്.സി എച്ച് -
   എച്ച് എസ് ടി ജി എച്ച് എസ്സ് തിരുവങ്ങാട്- 9496708815
3. നിസാറാണി.സി - എച്ച് എസ് ടി
   എം എം എച്ച് എസ് എസ് ,ന്യൂമാഹി.- 9497140782.
4. മൃദുല.വി.എം- എച്ച് എസ് ടി .
   കാടാച്ചിറ എച്ച് എസ് എസ്- 7012527746.
5. ശ്രീവത്സൻ.കെ.ടി എച്ച് എസ് ടി
   രാജീവ്ഗാന്ധി മെമ്മോറിയൽ എച്ച് എസ് എസ്- 9497696184